## പ്ലസ്ടു വിദ്യാർത്ഥിനിയെ തട്ടിക്കൊണ്ടു പോകാനുള്ള ശ്രമം

ശ്രീമതി പി. അയിഷാ പോറ്റി: സർ, അതീവഗുരുതരമായ ഒരു വിഷയമാണ് ഞാൻ ഇവിടെ അവതരിപ്പിക്കുന്നത്. ഇന്ന് അടിയന്തരപ്രമേയത്തിന് നോട്ടീസ് തന്നുവെങ്കിലും അങ്ങ് അനുവദിച്ചില്ല. രണ്ടുദിവസം താമസിച്ചുപോയി എന്നു പറഞ്ഞിട്ടാണ് അത് അനുവദിക്കാതിരുന്നിട്ടുള്ളത്. സ്ത്രീകൾക്കും കുട്ടികൾക്കും ഇക്കാലത്ത് ജീവിക്കാൻ കഴിയാത്തത്ര വളരെയേറെ ബുദ്ധിമുട്ടുകൾ അനുദിനം വർദ്ധിച്ചുവരുന്ന ഒരു സ്ഥിതിവിശേഷമാണ് ഈ അടുത്ത സമയങ്ങളിൽ നമുക്ക് കാണാൻ കഴിയുന്നത്. ഇക്കഴിഞ്ഞ ഞായറാഴ്ച ആറ് മണിക്ക് തിരുവനന്തപുരം നഗരത്തിലെ തൈയ്ക്കാട് സംഗീത കോളേജിനടുത്തുകൂടി കാർമ്മൽ ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ ഒരു പെൺകുട്ടി ട്യൂഷൻ കഴിഞ്ഞ് ഒരു കൂട്ടാളിയുമായി നടന്നുപോകുമ്പോൾ തട്ടിക്കൊണ്ടുപോകാനുള്ള ഒരു ശ്രമം നടത്തി. വലിയ ഒരു ഭാഗ്യം കൊണ്ടുമാത്രം, ആ കുട്ടിയുടെ കരച്ചിൽകേട്ട് ആളുകൾ ഓടിക്കൂടിയതുകൊണ്ടു മാത്രം കഷ്ടിച്ചു രക്ഷപ്പെടാൻ കഴിഞ്ഞ ഒരവസ്ഥയുണ്ടായി. അതിലെ പ്രതിയെ പിടിച്ചു എന്നതാണ് അടിയന്തരപ്രമേയം അനുവദിക്കാതിരുന്നതിന് ഒരു കാരണമായി ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞത്.

മി. സ്പീക്കർ: അതുകൊണ്ടല്ല. അതുകൂടിപറഞ്ഞെന്നേയുള്ളു.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അതുകൂടി പറഞ്ഞു. ഇന്ന് കേരളത്തിലെ ക്രൂരകൃത്യങ്ങളുടെ അവസ്ഥ എടുത്തുനോക്കിയാൽ,

ബഹുമാനപ്പെട്ട ആഭ്യന്തരവകുപ്പു മന്ത്രിയോട് 22/03/2012-ൽ ഞാൻ ഉൾപ്പെടെയുള്ളവർ ചോദിച്ച ചോദ്യത്തിന് നൽകിയ മറുപടിയിൽ 2011-ൽ 1249 -ഉം 2012-ൽ 202 -ഉം സ്ത്രീപീഡന കേസുകൾ/ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. ഈ മറുപടി തന്നിരിക്കുന്നത് 22/03/2012-ലാണ്. എന്നാൽ 11/06/2012-ൽ വീണ്ടും ശ്രീമതി കെ. എസ്. സലീഖ ചോദിച്ച ചോദ്യത്തിന് ഈ സർക്കാർ അധികാരമേറ്റ ശേഷം 31/05/2012 വരെ, അതായത് ഇപ്പോൾ ഒരുമാസം കൂടി കഴിഞ്ഞു. അതിനുമുമ്പുള്ള കണക്ക് പറയുന്നത് 11,440 സ്ത്രീപീഡന കേസുകളാണുണ്ടായിട്ടുള്ളത്. ചുരുങ്ങിയ മൂന്നുമാസങ്ങൾകൊണ്ട് എത്രവർദ്ധനവാണുണ്ടായത്. അതിൽ ബലാൽസംഗക്കേസ് 1221. ഒറ്റവർഷം കൊണ്ട് മാനഭംഗശ്രമം - 3994. ഇതിൽ 500 കേസുകൾ പ്രായപൂർത്തിയാകാത്ത പെൺകുട്ടികളെ സംബന്ധിച്ചുള്ളതാണ്. 97 സ്ത്രീകളും 45 കുട്ടികളും ഈ ഗവൺമെന്റ് വന്നതിനുശേഷം കൊല്ലപ്പെട്ടു. അതുപോലെ 178 കുട്ടികളെ തട്ടിക്കൊണ്ടുപോയി. സദാചാര പോലീസുമായി ബന്ധപ്പെട്ട് പതിനേഴോളം കേസുകൾ. പുതുതായി വന്നിട്ടുള്ള ഒരു സംഗതിയാണ് സദാചാര പോലീസ്. അവരുടെ ഭരണം കൂടി ഈ സർക്കാരിന്റെ കാലത്ത് തുടങ്ങിയിട്ടുണ്ട്. സദാചാര പോലീസ് എന്ന വാക്കുകൊണ്ട് ഒരു കുറ്റകൃത്യം പോലും നിയമവ്യവസ്ഥയിൽ വിവക്ഷിച്ചിട്ടില്ല. എന്നിട്ടും

സമൂഹത്തിൽ എന്നും ചർച്ച ചെയ്യപ്പെടുന്ന വിഷയമായി ഇത് വന്നിരിക്കുകയാണ്. വീട്ടിലോ ഓഫീസിൽ ജോലി ചെയ്യുമ്പോഴോ പൊതുനിരത്തിലോ ബസിൽ യാത്ര ചെയ്യുമ്പോഴോ ഒട്ടും സമാധാനമായിട്ടോ സുരക്ഷിതമായിട്ടോ മുന്നോട്ടു പോകാൻ കഴിയാത്ത അവസ്ഥയാണ് വന്നിട്ടുള്ളത്. പോലീസ് ശരിയായ രീതിയിൽ കേസ് എടുക്കുന്നില്ല, കേസ് എടുത്താലും കാര്യമായ അന്വേഷണം നടക്കുന്നില്ല, ശിക്ഷ ഉറപ്പാക്കാത്ത സ്ഥിതിയാണുള്ളത്. എന്തിനാണ് കൂടുതൽ പറയുന്നത്, ബഹുമാനപ്പെട്ട ചീഫ് വിപ്പ് പോലും ഒരു സ്ത്രീയെ എങ്ങനെയാണ് വിവരിച്ചത് എന്ന് ദൃശ്യമാധ്യമങ്ങളിൽ കൂടി ഈ ലോകത്തുള്ളവരെല്ലാം കണ്ടതാണ്. കൂടുതൽ വിവാദത്തിലേയ്ക്ക് കൊണ്ടുപോകാനല്ല ഞാൻ ശ്രമിക്കുന്നത്. അതാണ് ഈ സർക്കാരിന്റെ ഒരു സമീപനം എന്നുള്ളതു കൂടി പറയാതിരിക്കാൻ വയ്യ. ഇപ്പോൾ പുതുതായി വന്ന കണക്കുകൾ കാണിക്കുന്നത് - മൂന്നുമാസം മുമ്പ് വന്ന വ്യത്യാസം ഞാൻ മുമ്പേ സൂചിപ്പിച്ചു - 22/03/2011-നുശേഷം 11/06/2012 വരെയുള്ള കണക്കിൽ, 31/05/2012 വരെ 10,191 കേസുകൾ ഈ രണ്ടരമാസം കൊണ്ട് ഉണ്ടായില്ലേ?

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗം, ഇതെല്ലാം നമ്മൾ ചർച്ച ചെയ്തില്ലേ? പ്ലസ്ടു വിദ്യാർത്ഥിനിയിലേയ്ക്ക് വരൂ.

ശ്രീമതി പി. അയിഷാ പോറ്റി: സർ, ആയിക്കോട്ടെ. ഈ പ്ലസ്ടു വിദ്യാർത്ഥിനി ഇതിന്റെ അവസാനത്തെ ഇര മാത്രമാണ്. ഇത് തുടർന്നു കൊണ്ടേയിരിക്കുകയല്ലേ.? സ്കൂട്ടറിൽ യാത്രചെയ്തുപോയ ഒരു ഗർഭി

ണിയായ സ്ത്രീയെയും ഭർത്താവിനേയും സദാചാര പോലീസ് നടുറോഡിൽ തടഞ്ഞുനിർത്തിയിട്ട് ഭീകരമായി മർദ്ദിച്ചില്ലേ? അതുപോലെ കാസർഗോഡ് ഖദീജത്ത് സുഹൈല എന്നു പറയുന്ന തേഡ് ഇയർ ഡിഗ്രി വിദ്യാർത്ഥിനി - മാഗസിൻ എഡിറ്റർ കൂടിയാണ്. ആ കുട്ടിയെ പ്രകടനത്തിൽ പങ്കെടുക്കുന്നു എന്നു പറഞ്ഞിട്ട് എം.എസ്.എഫ്.-കാർ പുറമേനിന്ന് വന്ന് ഭീകരമായി ആക്രമിച്ചില്ലേ? ഇത് ഇവിടെ ചോദിക്കാനും പറയാനും ആളില്ലാത്ത സ്ഥിതിയായിരിക്കുകയാണ്. യഥാർത്ഥത്തിൽ ഇത് ഗൗരവമുള്ള വിഷയമല്ലേ?.

<u>മി. സ്പീക്കർ</u>: യെസ്.......പ്ലീസ്..

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഒരാൾക്കും ഇതൊന്നും വരാൻ പാടില്ല. പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്താൽ എന്താണ് സ്ഥിതി? പോലീസ് സ്റ്റേഷനിൽ പരാതി കൊടുത്തു കഴിഞ്ഞാൽ അവർക്ക് ഭീകര മർദ്ദനമാണ്. അത് സംബന്ധിച്ച് പത്ര റിപ്പോർട്ടുണ്ട്. ഒരു സ്ത്രീ പോലീസിന്റെ ക്രൂരമർദ്ദനം കാരണം ആത്മഹത്യയ്ക്ക് ശ്രമിച്ചു - അതാണ് പത്ര റിപ്പോർട്ട്.

<u>മി. സ്പീക്കർ</u>: ഇന്നത്തെ സബ്മിഷനിലേയ്ക്ക് വരൂ. ഇതെല്ലാം ഇവിടെ ആഭ്യന്തരവകുപ്പിന്റെ ചർച്ചയിൽ ഉണ്ടായിരുന്നല്ലോ. ഇതെല്ലാം ചർച്ച ചെയ്തതാണ്. ബഹുമാനപ്പെട്ട അംഗം ദയവുചെയ്ത് വിഷയത്തിലേയ്ക്ക് വരൂ. പ്ലീസ്.......പ്ലീസ്.......യെസ്.........യെസ്.......

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, ഈ ഒരു വിഷയം മാത്രമല്ല, സ്ത്രീകൾക്ക് ട്രെയിനിൽ യാത്ര ചെയ്യാൻ വയ്യ. പ്രതികരിച്ചാൽ അവർക്കെതിരായിട്ട് വലിയ തോതിലുളള പീഡനമുറകൾ സ്വീകരിക്കുക യാണ്. കൊല്ലത്തെ റിസർച്ച് ഓഫീസർ ഇന്ന് അനുഭവിച്ചുകൊണ്ടിരി ക്കുന്ന പ്രശ്നം അങ്ങേയറ്റമാണ്. കുട്ടികൾക്കും സ്ത്രീകൾക്കും പ്രതിക രിക്കാൻ കഴിയാത്തവണ്ണം, തടയാൻ ആളില്ലാത്തവണ്ണം, കേസ്സെടുക്കൽ ഇല്ലാത്ത,......... ചില കേസുകൾ വളരെ ശക്തമായി കൊണ്ടുപോകു ന്നുണ്ടല്ലോ; എന്തുകൊണ്ട് സ്ത്രീകൾക്കും കുട്ടികൾക്കും എതിരായിട്ടു ളള കേസുകളിൽ ശക്തമായ നടപടി ഉണ്ടാകുന്നില്ല? ഒരു സുരക്ഷിതത്വ ബോധവും ഇല്ലാതെ കുട്ടികളും സ്ത്രീകളും ജീവിക്കേണ്ട സ്ഥിതിയാണ്. ഇത് സമൂഹത്തിൽ വലിയ പ്രത്യാഘാതങ്ങളുണ്ടാക്കും. സ്ത്രീകൾക്കും കുട്ടികൾക്കും നല്ല സുരക്ഷിതത്വം കൊടുക്കാതെ നിയമങ്ങൾ ധാരാളം ഉണ്ടാക്കിവച്ചുകൊണ്ട് കാര്യമില്ല. അത് കൃത്യമായി പാലിക്കപ്പെടണം.

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ ഇതിനൊക്കെ കൃത്യമായി മറുപടി പറയണം. യെസ്............. യെസ്.....

<u>ശ്രീമതി പി. അയിഷാ പോറ്റി</u>: സർ, അതിനുളള നടപടികൾ സ്വീക രിക്കണം. ഇത് സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>): സർ, ബഹുമാനപ്പെട്ട അംഗം രണ്ട് പ്രധാനപ്പെട്ട കാര്യ ങ്ങളാണ് പറഞ്ഞത്. തിരുവനന്തപുരം സിറ്റിയിലുണ്ടായ പ്രശ്നത്തെ

സംബന്ധിച്ചും ആ പ്രശ്നത്തിന്റെ ചുവടുപിടിച്ച് കേരളത്തിൽ ഒട്ടാകെ ഉണ്ടാകുന്ന പ്രശ്നങ്ങളെക്കുറിച്ചുമാണ് പറഞ്ഞത്. കേരളം ഒട്ടാകെ ഉണ്ടാകുന്ന പ്രശ്നങ്ങളെ സംബന്ധിച്ച് 2010-ലെ ഒരു കംപാരറ്റീവ് സ്റ്റഡി എന്റെ കയ്യിലുണ്ട്. അതനുസരിച്ച് കേരളത്തിൽ 1,48,313 കേസുകളാണ് ഉണ്ടായിരുന്നത്. ഇപ്പോൾ അത് കുറച്ചുകൊണ്ടുവരികയാണ്, എന്നാലും വളരെ ബുദ്ധിമുട്ടാണ്. ഞാൻ ആ ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല. ഞാൻ അങ്ങ് പറയുന്നതെല്ലാം കേട്ടല്ലോ. കേരളത്തിലെ എല്ലാ കേസുകളും രജിസ്റ്റർ ചെയ്യുകയാണ്. കേസ് രജിസ്റ്റർ ചെയ്യുന്ന സംസ്ഥാനങ്ങളിൽ നമ്പർ കൂടിയിരിക്കും. പരിഷ്ക്കൃത രാജ്യങ്ങളിൽ കേസിന്റെ നമ്പർ കൂടുന്നുണ്ട്. അത് കേസുകൾ രജിസ്റ്റർ ചെയ്യുന്നതുകൊണ്ടാണ്. കേസ് രജിസ്റ്റർ ചെയ്യണം. ചെയ്യാതിരിക്കുന്നത് തെറ്റാണ്. ക്രൈം ഉണ്ടാകുകയും കേസ് രജിസ്റ്റർ ചെയ്യാതിരിക്കുകയും ചെയ്യുന്നത് രണ്ട് തെറ്റാണ്. അതുകൊണ്ട് കേസ് രജിസ്റ്റർ ചെയ്യുന്നു എന്നത് കേരളത്തിന്റെ പരിഷ്കൃത മുഖമാണ് കാണിക്കുന്നത്. ഞാൻ പഴയ ഗവൺമെന്റിനെ കുറ്റപ്പെടുത്തുന്നില്ല. ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്, അതിന്റെ ക്രമം അനുസരിച്ച് പോരികയാണ്. പക്ഷേ പഴയതിനെക്കാൾ കുറച്ച് കുറഞ്ഞുവന്നിട്ടുണ്ട് എന്നുള്ളതാണ് റെക്കോർഡുകളുടെ താരതമ്യപഠനത്തിൽനിന്ന് മനസ്സിലാകുന്നത്. അങ്ങ് ഇവിടെ പറഞ്ഞ കാര്യം ഞാൻ ആവർത്തിക്കുന്നില്ല. 08/07/2012 വൈകുന്നന്നേരം ആറ് മണിക്ക് ഉണ്ടായ ഒരു സംഭവമാണ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. ആ സംഭവത്തിലെ പ്രതിയെ കയ്യോടെ പിടി

ച്ചിട്ടുണ്ട്. ആ പ്രതിയെ പിടിച്ച വാർത്ത ജനയുഗം പത്രത്തിലുണ്ട്. (പത്രക്കട്ടിംഗുകൾ സഭയിൽ ഉയർത്തിക്കാണിച്ചു) ദേശാഭിമാനി പത്ര ത്തിലും പ്രതിയെ പിടിച്ച വാർത്ത ഫോട്ടോ സഹിതമുണ്ട്. ഇന്ത്യാവി ഷന്റെ ഓഫീസിനുമുന്നിൽ വച്ചാണ് ഇങ്ങനെയൊരു സംഭവമുണ്ടായത്. ഈ കുട്ടിയുടെ കരച്ചിൽ കേട്ടു. അവിടെനിന്ന് ആളുകൾ ഇറങ്ങിവന്നു അവരെല്ലാം കൂടി ബഹളം വച്ചു, പ്രതിയെ അറസ്റ്റു ചെയ്തു. ഈ കേസിലെ പ്രതിയായ ആൾ കഞ്ചാവിന് അടിമയായിരുന്നു. ഇയാൾ കഞ്ചാവിന് അടിമയായി നാലേകാൽ മണിക്ക് ഈ പരിസരപ്രദേശത്ത് ചുറ്റിക്കറങ്ങുന്നത് ആളുകൾ കണ്ടിരുന്നു. അതുകൊണ്ട് ആളുകൾ ഇയാളെ ഐഡന്റിഫൈ ചെയ്യുകയും പോലീസ് കസ്റ്റഡിയിൽ എടുക്കു കയും ചെയ്തു. കേസ് അതിന്റെ മുറയ്ക്ക് പോകും. ബഹുമാനപ്പെട്ട പി. അയിഷാ പോറ്റിയാണ് ഈ വിഷയം ഉന്നയിച്ചത് എന്നുള്ളതുകൊണ്ടും നമ്മുടെ സമൂഹത്തിലെ വളരെ പ്രധാനപ്പെട്ട പ്രശ്നം എന്നുള്ളതുകൊ ണ്ടും ഗവൺമെന്റ് രണ്ടുകാര്യങ്ങൾ ചെയ്യുന്നുണ്ട് എന്ന് ഇതിനോട നുബന്ധിച്ച് ഞാൻ സഭയെ വിനയപൂർവ്വം അറിയിക്കുകയാണ്. ഒന്ന് അന്യസംസ്ഥാനത്തുനിന്ന് വരുന്ന ആളുകളുടെ രജിസ്ട്രേഷനെ സംബന്ധിച്ച് ഞാൻ ഈ സഭയിൽ പറഞ്ഞിരുന്നതാണ്. ഞങ്ങൾ ചെറിയ സമയംകൊണ്ട് അവരുടെ രജിസ്ട്രേഷനുവേണ്ടിയുള്ള തീരുമാനം എടുത്തു. ഏതാണ്ട് 6,32,000 പേർ ഇപ്പോൾ കേരളത്തിൽ രജിസ്റ്റർ ചെയ്തുകഴിഞ്ഞു. രജിസ്റ്റർ ചെയ്യുമ്പോൾ രണ്ടുകാര്യങ്ങൾ ശ്രദ്ധിക്കണം.

ഒന്ന് അന്യസംസ്ഥാനത്തുള്ള ജോലിക്കാർ എന്നുള്ള നിലയിൽ ഇവിടെ രജിസ്ട്രേഷൻ തുടങ്ങിയാൽ നമ്മുടെ സംസ്ഥാനത്തുനിന്ന് മറ്റു സംസ്ഥാനങ്ങളിലേയ്ക്ക് പോകുന്ന ആളുകൾക്ക് ഇതേ ബുദ്ധിമുട്ട് ഉണ്ടാകും. അതുകൊണ്ട് അന്യസംസ്ഥാനത്തുനിന്ന് വരുന്ന ജോലിക്കാരുടെ വെൽഫെയർ കണ്ടുകൊണ്ട് അവർക്ക് ഈ സംസ്ഥാനത്ത് എന്തെങ്കിലും അപകടമുണ്ടായാൽ അവരുടെ നാട്ടിൽ അറിയിക്കണം എന്നുള്ള കാര്യം കൂടി വച്ചുകൊണ്ട്, സംസ്ഥാനത്തെ നിയമ സമാധാനത്തിൽ ഇവർ ഇട പെടാതിരിക്കുന്നതിനും ക്രമസമാധാനം ശരിയായ രീതിയിൽ കൊണ്ടു പോകുന്നതിനും വേണ്ടി ഒരു രജിസ്ട്രേഷൻ സിസ്റ്റം രൂപീകരിച്ച് 6,32,000 ആളുകളെ കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബാക്കിയുള്ള രജിസ്ട്രേഷൻ നടപടികൾ വേഗത്തിൽ കൊണ്ടുവരികയാണ്. അതോടൊപ്പം സ്ത്രീകളുടെ സുരക്ഷിതത്വം സംബന്ധിച്ച നിയമത്തെക്കുറിച്ച് ഞാൻ സൂചിപ്പിച്ചു. ആ നിയമവും നട പ്പാക്കുന്നതിനുവേണ്ടിയുള്ള അണിയറ പ്രവർത്തനത്തിലാണ് ഞങ്ങൾ നിൽക്കുന്നത്. ഒന്ന്, നമ്മുടെ സ്ത്രീകളുടെ സുക്ഷിതത്വം– പ്രത്യേകിച്ച് ഇതൊരു സ്കൂൾ ഗോയിംഗ് കുട്ടിയാണ്. ട്യൂഷൻ കഴിഞ്ഞ് മടങ്ങി വന്ന താണ്. ടീനേജുകാരായ കുട്ടികൾ, അവരുടെ സുരക്ഷിതത്വവും പ്രൈവസിയും നമുക്ക് നന്നായി സംരക്ഷിക്കാൻ കഴിയണം. അതോ ടൊപ്പം തന്നെ നിയമപരമായ നടപടികളെടുക്കണം. കേരളത്തിൽ ഈ അപരിഷ്ക്കൃതമായ രൂപം നമുക്ക് അനുവദിക്കാൻ സാധ്യമല്ല. മറ്റു

സംസ്ഥാനത്തുനിന്ന് മാത്രമല്ല ഏതൊരു വ്യക്തിയാണെങ്കിലും ഈ അതിക്രമം കാണിച്ചാൽ നിയമത്തിന്റെ ഖഡ്ഗം ശക്തമായി നീങ്ങുക തന്നെ ചെയ്യും. അത് ഈ സഭയ്ക്ക് ഞാൻ ഉറപ്പുതരികയാണ്.

## എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി നടത്തുന്ന സത്യാഗ്രഹം

ശ്രീ. റ്റി.എൻ. പ്രതാപൻ: സർ, കേരളീയ സമൂഹത്തിനുമുന്നിൽ ഇന്നും ദുഃഖമായി നിൽക്കുന്ന ഒരു പ്രശ്നമാണ് എൻഡോസൾഫാൻ ദുരന്തവുമായി ബന്ധപ്പെട്ട ഇരകളുടെ ഏറ്റവും പ്രധാനപ്പെട്ട ആവശ്യങ്ങൾ. ഇത് കാസർഗോഡിന്റെ മാത്രം വിഷയമല്ല. ഇത് കേരളത്തിലെ മുഴുവൻ ജനങ്ങളുടെയും വികാരത്തിന്റെ വിഷയമാണ്. എൻഡോസൾഫാൻ ദുരിതബാധിതരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി എൻഡോസൾഫാൻ പീഡിത ജനകീയ മുന്നണി 2012 ഏപ്രിൽ 20 മുതൽ കാസർഗോഡ് കളക്ടറേറ്റിനുമുന്നിൽ സത്യാഗ്രഹം അനുഷ്ഠിച്ചുവരികയാണ്. ഈ സമരത്തിൽ ദുരിതത്തിന് ഇരയായ അമ്മമാരും അണിനിരക്കുകയാണ്. 2012 ജൂൺ 25-ാം തീയതി മുതൽ അവർ റിലേ നിരാഹാരസത്യാഗ്രഹം അനുഷ്ഠിച്ചുവരികയാണ്. എൻഡോസൾഫാൻ ദുരിത ബാധിതരുടെ വിഷയത്തിൽ യു.ഡി.എഫ്. സർക്കാർ സ്വീകരിച്ചുവരുന്ന അനുഭാവപൂർവ്വമായ നടപടികൾ ഈ കാര്യത്തിലും സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. ഇവർ ഉന്നയിക്കുന്ന വിവിധ

ആവശ്യങ്ങൾ പരിഹരിക്കുവാൻ നടപടികൾ ഉണ്ടാകണം എന്ന് അഭ്യർത്ഥിക്കുകയാണ്. കാസർഗോഡ് കളക്ട്രേറ്റിനുമുമ്പിൽ റിലേ നിരാഹാര സത്യാഗ്രഹം അനുഷ്ടിച്ചുവരുന്ന അമ്മമാരുടെ നൊമ്പരങ്ങൾക്ക് സത്വരമായ പരിഹാരം കാണണം. ലാഭം കൊയ്യുന്നതിനുവേണ്ടി മനുഷ്യൻ കാട്ടിയ ക്രൂരതകൾക്ക് എതിരെയുള്ള ഇവരുടെ പോരാട്ടങ്ങൾക്ക് പിന്തുണയുമായി കേരളീയ സമൂഹം ഇന്നു ഒറ്റക്കെട്ടായി നിൽക്കുകയാണ്. ഇപ്പോൾ അവർ ഉന്നയിക്കുന്ന കാര്യങ്ങൾക്ക് പരിഹാരം ഉണ്ടാക്കുന്നതിനുവേണ്ടി അടിയന്തരമായി നടപടി സ്വീകരിക്കുകയും റിലേ സത്യാഗ്രഹം അവസാനിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടിക്ക് ഗവൺമെന്റ് മുൻകയ്യെടുക്കുകയും വേണം. മതിയായ ചികിൽസ ലഭിക്കാത്തതിനാൽ പ്രത്യേകമായ സംവിധാനം ചികിൽസയ്ക്കുവേണ്ടി ഉണ്ടാക്കണം. ദുരിതബാധിതരുടെ മുഴുവൻ കടങ്ങളും എഴുതിത്തള്ളണം. മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശങ്ങൾ നടപ്പിലാക്കണം. ഇതിനുവേണ്ടി ട്രൈബ്യൂണൽ സ്ഥാപിക്കണം. അർഹരായ മുഴുവൻ രോഗികളുടെയും ലിസ്റ്റ് അടിയന്തരമായി പ്രഖ്യാപിക്കണം. മണ്ണിനെയും പ്രകൃതിയേയും തിരിച്ചുപിടിക്കാൻ ജൈവ പുന:സ്ഥാപനത്തിനാവശ്യമായ ഫലപ്രദമായ മാർഗ്ഗങ്ങൾ സ്വീകരിക്കണം. മരണപ്പെട്ടവരുടെ കൃത്യമായ കണക്കുകൾ നമ്മുടെ കയ്യിലില്ല. ആ കണക്കുകൾ ശേഖരിക്കണം. മരണം നടന്നവരുടെ കുടുംബത്തിന് 10 ലക്ഷം രൂപയെങ്കിലും നൽകാൻ നടപടി സ്വീകരിക്കണം. കാസർഗോഡ് ജില്ലയെ എൻഡോസൾഫാൻ ദുരിതബാ

ധിതമേഖലയായി പ്രഖ്യാപിക്കണം. ഗോഡൗണുകളിൽ എൻഡോസൾഫാൻ നീക്കം ചെയ്യാനും നിർവീര്യമാക്കാനുമുള്ള നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇന്നുതന്നെ ഇതുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് മുൻകയ്യെടുക്കണം. കോരിച്ചൊരിയുന്ന മഴയത്തു പോലും കളക്ട്രേറ്റിനുമുമ്പിൽ എൻഡോസൾഫാൻ ദുരിതബാധിതരായ അമ്മമാരുൾപ്പെടെ നിരാഹാരം കിടക്കുകയാണ്. അവരുടെ നിരാഹാരം അവസാനിപ്പിക്കാൻ അവരുമായി ഒരു ചർച്ച നടത്താൻ അടിയന്തരമായി മുഖ്യമന്ത്രി തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (<u>ശ്രീ. ഉമ്മൻ ചാണ്ടി</u>) : സർ, ശ്രീ. റ്റി.എൻ. പ്രതാപൻ പറഞ്ഞ ഈ പ്രശ്നം കാസർഗോഡുള്ള അഞ്ച് എം.എൽ.എ.മാർ ഒന്നിച്ചു വന്നു എന്നോട് സംസാരിച്ചിട്ടുള്ളതാണ്. ഈ വിഷയം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മീറ്റിംഗ് വിളിച്ചുകൂട്ടണമെന്ന് ശ്രീ. റ്റി.എൻ. പ്രതാപൻ പറഞ്ഞത്, ഈ അഞ്ച് എം.എൽ.എ.മാർക്കും സൗകര്യമാണെങ്കിൽ, കാരണം ചർച്ചയിൽ അവർ അഞ്ചുപേരും ഉണ്ടാകണമെന്ന് നിർബന്ധമുണ്ട്. അവർക്ക് അഞ്ചുപേർക്കും സൗകര്യമാണെങ്കിൽ ചർച്ച നാളെ തന്നെ സംഘടിപ്പിക്കുന്നതിനും ഗവൺമെന്റ് തയ്യാറാണെന്ന് വ്യക്തമാക്കുകയാണ്. ഇതിനോടകം എടുത്തിട്ടുള്ള നടപടികൾ ഞാൻ പൂർണ്ണമായിട്ട് വിശദീകരിക്കാൻ പോയാൽ വളരെ സമയമെടുക്കുമെന്നുള്ളതുകൊണ്ട് പറയുന്നില്ല. സ്മാർട്ട് കാർഡ് പദ്ധതിയുടെ സഹായത്തോടെ ദുരിതബാധിതർക്ക് സൗജന്യ ചികിൽസ സംസ്ഥാന

ത്തിനകത്ത് എംപാനൽ ചെയ്യപ്പെട്ട 11 സർക്കാർ ആശുപത്രികളിലും കൂടാതെ അവിടുത്തെ എം.എൽ.എ.മാരുടെയും ജനപ്രതിനിധികളുടേയും അവിടെ കൂടിയ യോഗത്തിന്റെ ആഗ്രഹപ്രകാരം മംഗലാപുരം ഏനപ്പൊയ്യ മെഡിക്കൽ കോളേജിൽ വിദഗ്ദ്ധചികിൽസ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. 3720 രോഗികൾക്ക് സ്മാർട്ട് കാർഡുകൾ ഇതിനോടകം നൽകിയിട്ടുണ്ട്. കൂടാതെ മൊബൈൽ മെഡിക്കൽ യൂണിറ്റ് അലോപ്പതി, ആയുർവേദം, ഹോമിയോ ഡോക്ടർമാരുൾപ്പെടെ 11 ഗ്രാമപഞ്ചായത്തുകളിലായി പ്രത്യേക സാന്ത്വന പരിചരണ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കടബാധ്യത സംബന്ധിച്ച് പ്രാഥമിക വിവര ശേഖരണം ഇതിനകം നടത്തിയിട്ടുണ്ട്. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ സഹായത്തോടെ സാമൂഹിക-സാമ്പത്തിക സർവ്വേയിലൂടെ ഇതുസംബന്ധിച്ചുള്ള വിവരങ്ങൾ ശേഖരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ ഉൾപ്പെട്ടവരിൽ മരണമടഞ്ഞവരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്ന് ഒരു ലക്ഷം രൂപ വീതം സാമ്പത്തിക സഹായം 734 പേർക്ക് നൽകിയിട്ടുണ്ട്. അതിനുപുറമേ 28.6.2012 -ൽ ഗവൺമെന്റ് ഇറക്കിയ ഓർഡർ പ്രകാരം മരണമടഞ്ഞവരുടെ ബന്ധുക്കൾക്ക് ഒരു ലക്ഷം രൂപ ഉൾപ്പെടെ അഞ്ച് ലക്ഷം രൂപ വീതം അനുവദിക്കാനായി ഉത്തരവിറക്കിയിട്ടുണ്ട്. പൂർണ്ണമായും കിടപ്പിലായവർക്ക് അഞ്ച് ലക്ഷം രൂപയും മറ്റ് ശാരീരിക വൈകല്യമുള്ളവർക്ക് മൂന്നു ലക്ഷം രൂപയും

ഗഡുക്കളായി നൽകാൻ 26.5.2012-ന് ഉത്തരവ് ആയിട്ടുണ്ട്. ഈ വായിച്ച മൂന്നു കാര്യങ്ങൾക്കും മനുഷ്യാവകാശ കമ്മീഷന്റെ വ്യക്തമായ ഡയറക്ഷനുമുണ്ട്. ദുരിതബാധിത കാറ്റഗറിയിൽ ഒന്നും രണ്ടും വിഭാഗത്തിൽപ്പെട്ടവർക്ക് പ്രതിമാസം രണ്ടായിരം രൂപയും കാറ്റഗറി മൂന്ന് വിഭാഗത്തിൽപ്പെട്ടവർക്ക് ആയിരം രൂപയും സോഷ്യൽ സെക്യൂരിറ്റി മിഷൻ വഴി നൽകുന്നുണ്ട്. എൻ.ആർ.എച്ച്.എം.ന്റെ ആഭിമുഖ്യത്തിൽ ആറ് പ്രാഥമിക സാമൂഹിക ആരോഗ്യ കേന്ദ്രങ്ങളിൽ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ട്. നബാർഡിന്റെ ആർ.ഐ.ഡി.എഫ്. സ്കീമിൽ 31 കോടി രൂപയ്ക്കുള്ള പ്രോജക്ടുകൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തി അവിടത്തെ ആരോഗ്യ സ്ഥാപനങ്ങളുടെ കെട്ടിടങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്താൻ തയ്യാറാക്കിയിട്ടുണ്ട്. കാസർഗോഡിനെ ജൈവ ജില്ലയായി പ്രഖ്യാപിക്കുകയും ചുമപ്പ്, മഞ്ഞ ലേബലിലുള്ള കീടനാശനികൾ നിരോധിക്കുകയും ചെയ്തിട്ടുണ്ട്. ഗവൺമെന്റ് അവിടെ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ വളരെയേറെ തീരുമാനങ്ങൾ എടുക്കുകയും ആ തീരുമാനങ്ങൾ ഓരോന്നും നടപ്പിലാക്കി വരികയുമാണ്. ഇപ്പോൾ അവിടെ സമരം നടക്കുന്നുണ്ട്. ആ സമരത്തിന്റെ വിവരമാണ് ശ്രീ. റ്റി. എൻ. പ്രതാപൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. അത് പൂർണ്ണമായിട്ടും അംഗീകരിക്കുന്നു. ഈ പ്രശ്നം ദുരിതബാധിതരുടെയോ അവരുടെ കുടുംബത്തിന്റെയോ മാത്രം ഒരു ദു:ഖമാകാൻ പാടില്ല. ഇത് ഈ സമൂഹത്തിന്റെ ദു:ഖമാണ്, ഈ നാടിന്റെ ദു:ഖമായിട്ടുതന്നെ കണക്കിലെടുത്തു

കൊണ്ട് അവരെ സഹായിക്കാനുള്ള ബാധ്യതയുണ്ട്. കാരണം അവർ ചെയ്യാത്ത കുറ്റത്തിന് ശിക്ഷിക്കപ്പെടുകയാണ് ചെയ്തിട്ടുള്ളത്. പൂർണ്ണമായും അവർക്ക് സംരക്ഷണം കൊടുക്കാനുള്ള ബാധ്യതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ സഹായം നമ്മൾ ആവശ്യപ്പെട്ടു. നിരന്തരമായി ആവശ്യപ്പെടുന്നു. പക്ഷേ ഇതുവരെ ലഭിച്ചിട്ടില്ല. അതിനുവേണ്ടിയിട്ടുള്ള ശ്രമം ഇനിയും തുടരും. കേന്ദ്ര ഗവൺമെന്റിൽ നിന്ന് കിട്ടിയാലും കിട്ടിയില്ലെങ്കിലും കൈക്കൊണ്ട തീരുമാനങ്ങളുമായിട്ട് സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോകും. എം.എൽ.എ.മാരുടെ സൗകര്യംകൂടി അറിഞ്ഞിട്ട് അവർക്ക് സൗകര്യമാണെങ്കിൽ നാളെത്തന്നെ തിരുവനന്തപുരത്തുവച്ച് കോൺഫ്റൻസ് വിളിച്ചുകൂട്ടുമെന്നുകൂടി പറയാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. കുഞ്ഞിരാമൻ</u> (തൃക്കരിപ്പൂർ) :....

<u>ശ്രീ. ഉമ്മൻചാണ്ടി</u> : എൻഡോസൾഫാൻ സംബന്ധിച്ച് നടന്ന ചർച്ചകളിലെല്ലാം ആ ജില്ലയിലെ അഞ്ച് എം.എൽ.എ.മാരെയും അവിടുത്തെ എം.പി.യേയും വിളിച്ചാണ് ഗവൺമെന്റ് ചർച്ച നടത്തിയിട്ടുള്ളത്. അതുകൊണ്ട് എം.പി.ക്ക് വരാൻ പറ്റുമെങ്കിൽ വരട്ടെ. പക്ഷേ നിങ്ങൾ അഞ്ചുപേർക്ക് നാളെ സൗകര്യമാണെന്നുണ്ടെങ്കിൽ നാളെത്തന്നെ നിങ്ങളെ ചർച്ചയ്ക്ക് വിളിക്കാം. നിങ്ങൾകൂടി അതിൽ പങ്കെടുക്കണം, ഇന്ന് സമരം ചെയ്യുന്നവരെ വിളിച്ച് നമുക്ക് അതിന് ഒരു പരിഹാരമുണ്ടാക്കാം.

**ശബരി റെയിൽപ്പാത**

ശ്രീ. സാജു പോൾ : സർ, കഴിഞ്ഞ 16 വർഷമായി എറണാകുളം ജില്ലയിലെ അങ്കമാലി, പെരുമ്പാവൂർ, കോതമംഗലം, മൂവാറ്റുപുഴ ജില്ല കളിൽ ജനങ്ങൾ അനുഭവിച്ചുവരുന്ന വലിയ ഒരു ദുരിതത്തെ സംബ ന്ധിച്ചാണ് എന്റെ ഈ സബ്മിഷൻ. 1997 -ൽ റെയിൽവേ ബോർഡും കേന്ദ്ര സർക്കാരും അംഗീകരിച്ച പദ്ധതിയാണ് ശബരി റെയിൽപ്പാത പദ്ധതി. ഇപ്പോൾ മുല്ലപ്പെരിയാർ പോലെ ഞങ്ങൾ നേരിടുന്ന ഗുരുതര മായ ഒരു പ്രശ്നമായി ഈ ശബരി റെയിൽപ്പാത നിർമ്മാണം മാറിയിരി ക്കുകയാണ്. 2007-ൽ പണി തുടങ്ങി, അങ്കമാലി- നെടുമ്പാശ്ശേരി റീച്ച് 80 ശതമാനവും നെടുമ്പാശ്ശേരി-കാലടി 40 ശതമാനവും പണി ആയിക്ക ഴിഞ്ഞു. കാലടി സ്റ്റേഷന്റെയും അതുപോലെ പെരിയാറിന് കുറുകെ യുള്ള പാലത്തിന്റെയും പണി നടക്കുകയാണ്. അങ്കമാലിയിലും മറ്റൂർ കാലടി വില്ലേജുകളിലും സ്ഥലം എടുത്തു. പെരുമ്പാവൂരിലെ ചേലമറ്റം, കൂവപ്പടി വില്ലേജുകളിലെ സ്ഥലം ഏറ്റെടുക്കൽ നടപടികൾ പൂർത്തീക രിച്ചു. പക്ഷേ കുന്നത്തുനാട് താലൂക്കിലെ തന്നെ പെരുമ്പാവൂർ മണ്ഡല ത്തിലെ അശമന്നൂർ രായമംഗലം കോതമംഗലത്തെ ഇരമല്ലൂർ വില്ലേജു കളുടെ 6(1) നോട്ടിഫിക്കേഷൻ ഇറങ്ങി. മൂവാറ്റുപുഴ വില്ലേജിലെ 4(1) നോട്ടിഫിക്കേഷനും ഇറങ്ങി. എറണാകുളം ജില്ലയിൽ ഇതിന്റെ അലൈൻമെന്റ് സംബന്ധിച്ച് ഒരു തർക്കവുമില്ല. പക്ഷെ ഇപ്പോൾ ലാന്റ് അക്വ്യുസിഷൻ ഓഫീസുകൾ നിർത്തലാക്കുന്നു. ഏറ്റെടുത്ത സ്ഥല

ത്തിന്റെ വില നൽകിയിട്ടില്ല. നിരവധി പ്രാവശ്യം ഇതു സംബന്ധിച്ച് യോഗങ്ങൾ ചേർന്നു. ഇടുക്കി-കോട്ടയം ജില്ലകളിൽ ഇതിന്റെ തർക്കം നടക്കുന്നു. അൻപത് ശതമാനം സ്ഥലമെടുപ്പിന്റെ വില സംസ്ഥാനം നൽകണമെന്ന പുതിയ നിർദ്ദേശം റെയിൽവേ ബോർഡ് വച്ചിരിക്കുക യാണ്. അതുപോലെ 1997-ൽ അൻപത് കോടിയായിരുന്ന ഇതിന്റെ അട ങ്കൽ തുക ഇപ്പോൾ 2010-ലെ എസ്റ്റിമേറ്റ് പ്രകാരം 1286 കോടി രൂപയായി. ഇപ്പോൾ ശബരി റെയിൽപ്പാത പറഞ്ഞതിനുശേഷം നമ്മൾ മെട്രോ റെയിൽ, മോണോ റെയിൽ, മെമുട്രെയിൻ തുടങ്ങി നിരവധി പദ്ധതിക ളുടെ പരമ്പര തന്നെയുണ്ടായി. ഇതൊന്നും നടന്നിട്ടുമില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും മന്ത്രിമാരും ഡൽഹിയിൽ പോയി ശബരി റെയിൽ പാതയുടെ പ്രശ്നം ഒഴിച്ച് മറ്റെല്ലാ കാര്യങ്ങളും ചർച്ച ചെയ്യുന്നുണ്ട്. സർക്കാരിന്റെ 'കാരുണ്യ വർഷ'ത്തിലും ശബരി റെയിൽപ്പാതയുടെ പദ്ധ തിയില്ല. നടപ്പുവർഷം 80 കോടിയെങ്കിലും ഉണ്ടായാൽ മാത്രമേ ഇത് നട ക്കുകയുള്ളു. അടുത്ത വർഷത്തെ ബഡ്ജറ്റിൽ 150 കോടി രൂപയെങ്കിലും നമുക്ക് ലഭ്യമാക്കണം. സ്ഥലം ഏറ്റെടുക്കുകയോ ഈ സ്ഥലത്ത് സ്ഥാപി ച്ചിട്ടുള്ള ബോർഡുകൾ മാറ്റുകയോ ചെയ്യണം. കോട്ടയം ജില്ലയിലെ പ്രശ്നം എല്ലാവരേയും ഉൾപ്പെടുത്തി, ബഹുമാനപ്പെട്ട മന്ത്രിമാരും എം.പി.-മാരും എല്ലാവരും ചേർന്ന് ദിശ നിർണ്ണയിച്ചതിൽ എന്തെങ്കിലും അപാകതയുണ്ടോ എന്ന് നോക്കി ജനങ്ങൾക്ക് ഉപദ്രവം വരാത്തവിധ ത്തിൽ നടത്തണം. അങ്കമാലി-എരുമേലിയാണ് ആദ്യഘട്ടം. എരു

മേലി-പുനലൂർ-തിരുവനന്തപുരമാണ് രണ്ടാംഘട്ടം. കോടിക്കണക്കിന് ഭക്തജനങ്ങൾ ആന്ധ്രാ, തമിഴ്നാട്, കർണ്ണാടക തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുൾപ്പടെ വരികയാണ്. ഞങ്ങൾക്ക് ഈ സ്ഥലം ക്രയവിക്രയം ചെയ്യാൻ സാധിക്കുന്നില്ല. അവിടെ ഒരു കിണർ കുഴിക്കാനോ വീട് വയ്ക്കാനോ സാധിക്കുന്നില്ല. വായ്പ കിട്ടുന്നില്ല. 'ഹരിഹരസുധനയ്യനയ്യപ്പ സ്വാമിയേ' എന്ന് വിളിച്ച് 'പളനി ആണ്ടവാ, മുരുകാ, വേലായുധാ' എന്ന് വിളിച്ച് ..............മൈക്ക് ഓഫ്..............

<u>മി. സ്പീക്കർ:</u> യേസ്..... മിനിസ്റ്റർ, അങ്ങ് സംസാരിച്ചുകൊള്ളൂ

ഊർജ്ജവും ഗതാഗതവും വകുപ്പുമന്ത്രി <u>(ശ്രീ. ആര്യാടൻ മുഹമ്മദ്):</u> സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ ശരിയാണ്. 1997-98-ലാണ് ഇത് അംഗീകരിക്കപ്പെട്ടത്. ഇത് വളരെ പ്രധാനപ്പെട്ട ഒരു റെയിൽവേയാണ്. ആദ്യം 520 കോടി രൂപയാണ് കണക്കാക്കിയിരുന്നത്. ഇപ്പോൾ 1200 കോടി രൂപയായിമാറിയിട്ടുണ്ട്. ഇതിനാകെ 438.8923 ഹെക്ടർ സ്ഥലം ആവശ്യമാണ്. ഇതിൽ എറണാകുളം ഭാഗത്ത് 30 ഹെക്ടർ റെയിൽവേയെ ഏൽപിച്ചു. നാൽപത് ഹെക്ടർ സ്ഥലം ഏൽപിക്കാനുള്ള ശ്രമമായിട്ടുണ്ട്. അതിനുതന്നെ ഇനി 152 കോടി രൂപ അതിന്റെ നഷ്ടപരിഹാരം കൊടുക്കാനുണ്ട്. അത് റെയിൽവേ കൊടുത്തിട്ടില്ലെന്ന് മാത്രമല്ല, നഷ്ടപരിഹാരം കിട്ടേണ്ട ആളുകൾ ഇപ്പോൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. ഞാനും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ആഭ്യന്തര വകുപ്പുമ

ന്ത്രിയുമെല്ലാം കേന്ദ്രഗവൺമെന്റിനോട് പ്രത്യേകം ഇക്കാര്യത്തെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. മെമ്പർ എടുക്കുന്ന താൽപര്യത്തെപ്പോലെ അല്ലെങ്കിൽ അതിനേക്കാൾ കൂടുതൽ താൽപര്യം ഇക്കാര്യത്തിൽ മുഖ്യ മന്ത്രിയും ധനകാര്യമന്ത്രിയും ഹോം മിനിസ്റ്ററും എടുക്കുന്നുണ്ട്. കാരണം, അവർ മൂന്നുപേരും കോട്ടയം ജില്ലക്കാരായതുകൊണ്ട് അവർ കൂടുതൽ താൽപര്യമെടുക്കുന്നു. ഇപ്പോൾ സംഭവിച്ചിട്ടുള്ളത്, കോട്ടയം ഭാഗത്ത് 217 ഹെക്ടർ സ്ഥലവും ഇടുക്കിയിൽ 48 ഏക്കർ സ്ഥലവും വേണം. എറണാകുളത്ത് ഇനിയും ബാക്കിയുണ്ട്. അത് ഫാസ്റ്റ് ട്രാക്കിൽ ഉൾപ്പെടുത്തി എടുക്കാനാണ് ആദ്യം തീരുമാനിച്ചത്. എന്നാൽ ഇതിന് നഷ്ടപരിഹാരം കൂടും എന്നുള്ള കാരണത്താൽ റെയിൽവേ അത് സാധാരണ സമ്പ്രദായത്തിൽ എടുത്താൽമതിയെന്ന് തീരുമാനിക്കുകയുണ്ടായി. ഈ സ്ഥലം തരുന്നതിൽ ഒബ്ജക്ഷനുണ്ട്. അതേയവസരത്തിൽ റെയിൽവേ പുതിയ ഒരു നിർദ്ദേശം വച്ചിട്ടുണ്ട്. കർണ്ണാടക, ഛത്തീസ്ഗഢ്, മഹാരാഷ്ട്ര തുടങ്ങിയ സംസ്ഥാനങ്ങളിൽ 50 ശതമാനം മുതൽ 75 ശതമാനം വരെ ഇതിന്റെ ചെലവ് സംസ്ഥാനങ്ങൾ വഹിക്കുകയാണ്. അതുകൊണ്ട് ഏറ്റവും ചുരുങ്ങിയത് 50 ശതമാനമെങ്കിലും കേരളം വഹിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി മോശമാണെന്ന് മാത്രമല്ല ഇത് 1997-98-ലെ പ്രോജക്ടായതുകൊണ്ടും ഇതിന്റെ പ്രവർത്തനം ഏകദേശം തുടങ്ങിയതുകൊണ്ടും ഇതിന് പുതിയ നിർദ്ദേശം അടിച്ചേൽപ്പിക്കുന്നത് ശരിയല്ല എന്ന് കേന്ദ്രത്തിന്റെ ശ്രദ്ധ

യിൽപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ മുഖ്യമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും ഹോം മിനിസ്റ്ററും എടുക്കുന്ന പ്രത്യേക താൽപര്യം കൂടി അങ്ങയെ അറിയിക്കാൻ ഈ അവസരം വിനിയോഗിക്കുന്നു.

**തിരുത്ത്**

മി. സ്പീക്കർ: ആഭ്യന്തര വകുപ്പുമന്ത്രി അങ്ങ് ഒരു കുറിപ്പ് തന്നിരുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഞാൻ 6,32,000 എന്ന് പറഞ്ഞത് 63,200 എന്നാണ്. ആ തെറ്റ് തിരുത്തണം.

**താനൂരിൽ ആട്സ് ആന്റ് സയൻസ് കോളേജ്**

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്നതും മത്സ്യത്തൊഴിലാളികളടക്കം പിന്നോക്ക ന്യൂനപക്ഷ ജനവിഭാഗങ്ങൾ തിങ്ങിത്താമസിക്കുന്നതുമായ പ്രദേശമാണ് താനൂർ നിയോജകമണ്ഡലം. ഇരുപതോളം ഹയർസെക്കണ്ടറി വിദ്യാലയങ്ങളിൽനിന്ന് നാലായിരത്തോളം വിദ്യാർത്ഥികളാണ് ഓരോ വർഷവും ഉപരിപഠനത്തിന് അർഹത നേടുന്നത്. ഇതിൽ എൺപത് ശതമാനത്തോളംപേരും സാമ്പത്തികവും സാമൂഹികവുമായി പിന്നോക്കം നിൽക്കുന്ന ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവരാണ്. ഇതിൽത്തന്നെ മഹാഭൂരിപക്ഷവും പെൺകുട്ടികളാണ്. ഈ നിയോജകമണ്ഡലത്തിൽത്തന്നെ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് നിലവിലില്ലാത്ത

തിനാൽ ഇവരിൽ ഏറിയപങ്കും പകുതിയിൽ പഠനം ഉപേക്ഷിക്കുകയാണ്. ഈ നിയോജകമണ്ഡലത്തിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് 2007 മുതൽ ഈ സഭയിൽ സബ്മിഷനായും ചോദ്യമായും ഒക്കെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അനുഭാവപൂർവ്വം പരിഗണിക്കുമെന്ന് പലതവണ സർക്കാർ ഉറപ്പ് നൽകിയതുമാണ്. ഏറ്റവും ഒടുവിൽ 12-10-2011-ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ നൽകിയ മറുപടി സ്ഥലത്തിന്റെ ലഭ്യത, കെട്ടിട നിർമ്മാണം എന്നിവ ഉൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ച് തീരുമാനം കൊക്കൊള്ളുന്നതാണെന്നാണ്. യു.ജി.സി.-യുടെ പുതിയ നിബന്ധനകളനുസരിച്ച് ഒരു കോളേജ് സ്ഥാപിക്കുന്നതിന് അഞ്ചേക്കർ സ്ഥലം മതിയാകും. താനൂരിലെ ഫിഷറീസ് ഹയർസെക്കണ്ടറി സ്ക്കൂളിലും ഇപ്പോൾതന്നെ ഏഴേക്കറോളം സ്ഥലം നിലവിലുണ്ട്. സ്ക്കൂളിന്റെ തൊട്ട് പുറകിലായി ഒരേക്കറോളം പുറമ്പോക്ക് ഭൂമിയുമുണ്ട്. താനൂർ കാട്ടിലങ്ങാടി ഹയർസെക്കണ്ടറി സ്ക്കൂളിന് ഏഴേക്കറോളം ഭൂമി സ്വന്തമായുണ്ട്. എം.എൽ.എ. യുടെ പ്രത്യേക വികസന ഫണ്ടിൽനിന്ന് കെട്ടിടം നിർമ്മിക്കാനും തയ്യാറാണ്. മലപ്പുറം ജില്ലാ വികസന സമിതി ഒരു പ്രമേയമായി ഇത് അംഗീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിൽ ഇതിനായി ഒരു ടോക്കൺ പ്രൊവിഷനും ഉൾപ്പെടുത്തിയിട്ടുണ്ട്. ആകയാൽ ഈ സൗകര്യം അനുഭാവപൂർവ്വം പരിഗണിച്ച് വളരെ വർഷങ്ങളായുള്ള താനൂരിന്റെ മുറവിളിക്ക് പരിഹാരമായി താനൂരിൽ ഒരു

ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജ് അനുവദിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്): സർ, വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ്. എനിക്ക് നേരിട്ട് അറിയാവുന്ന വിഷയമാണ് ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ ഉന്നയിച്ചത്. ഞാൻ ആ നിയോജകമണ്ഡലത്തിന്റെ എം.എൽ.എ.യും കൂടിയായിരുന്നു. സർക്കാർ പുതിയ എയ്ഡഡ് കോളേജുകൾ അനുവദിക്കുന്നതിനുവേണ്ടി നയപരമായ ഒരു തീരുമാനം ഇതുവരെ എടുത്തിട്ടില്ല. സ്ഥലമുണ്ട്, കെട്ടിടം ഉണ്ടാക്കാൻ എം.എൽ.എ. ഫണ്ട് കൊടുക്കാൻ തയ്യാറാണ് എന്നൊക്കെയുള്ള കാര്യങ്ങൾ നോട്ടീസിൽ പറഞ്ഞിട്ടില്ലെങ്കിലും ഇപ്പോൾ ശ്രീ അബ്ദുറഹിമാൻ രണ്ടത്താണി ഇവിടെ പറഞ്ഞു. ഗവൺമെന്റ് നയപരമായ തീരുമാനം എടുത്തുകഴിഞ്ഞാൽ പുതിയ കോളേജുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ താനൂരിന് പ്രത്യേകമായ പരിഗണന നൽകുന്നതാണ്. ഏറ്റവും കൂടുതൽ കുട്ടികൾ എസ്.എസ്.എൽ.സി. പാസാകുന്ന ജില്ലയാണ് മലപ്പുറമെന്നറിയാം. മത്സ്യത്തൊഴിലാളി മേഖലയാണ്. തീർച്ചയായും അതിന് മുന്തിയ പരിഗണന നൽകുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, ഒരു കോളേജും ഇല്ലാത്ത നിയോജകമണ്ഡലത്തിൽ സ്ഥലവും കെട്ടിടവും തന്ന് ഒരു ഗവൺമെന്റ്

കോളേജ് എന്ന നിർദ്ദേശമാണ് അദ്ദേഹം വച്ചത്. നിശ്ചയമായും മന്ത്രി ഇവിടെ പറഞ്ഞതുപോലെ അനുഭാവപൂർവ്വമായി പരിഗണിക്കുന്നതാണ്.

## അന്ധ-ബധിര-മൂക വിദ്യാർത്ഥികളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. ബാബു എം. പാലിശ്ശേരി : സർ, എന്റെ നിയോജക മണ്ഡലത്തിലെ കുന്ദംകുളത്ത് സർക്കാർ മേഖലയിൽ അന്ധ-ബധിര-മൂക കുട്ടികൾക്കായി ഒരു സ്പെഷ്യൽ സ്കൂൾ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതടക്കം സർക്കാർ/എയ്ഡഡ് മേഖലകളിലായി നാൽപ്പതോളം സ്പെഷ്യൽ സ്കൂളുകൾ റെസിഡൻഷ്യൽ സംവിധാനത്തോടുകൂടി സംസ്ഥാനത്തുണ്ട്. ഇവയിൽ എല്ലാംകൂടി അയ്യായിരത്തോളം കുട്ടികൾ പഠിക്കുന്നുണ്ട്. റെസിഡൻഷ്യൽ സംവിധാനത്തോടുകൂടിയുള്ള ഈ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്കായി മാസത്തിൽ ഒരാൾക്ക് 750 രൂപ എന്ന കണക്ക് വച്ചാണ് മെസ് അലവൻസ് നൽകിവരുന്നത്. ഗവൺമെന്റ് നിശ്ചയിച്ച മെനു പ്രകാരം ആഴ്ചയിൽ രണ്ടു ദിവസം ഇറച്ചി, മുട്ട, മത്സ്യം തുടങ്ങിയ പോഷകാഹാര സമൃദ്ധമായ ഭക്ഷണമാണ് ഓരോ ദിവസവും മൂന്ന് നേരം കൊടുക്കേണ്ടത്. മാസത്തിൽ 750 രൂപ മെസ് അലവൻസ് എന്നത്, ദു:സ്സഹമായ വിലക്കയറ്റം എല്ലാ സാധനങ്ങൾക്കും അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ തികച്ചും അപര്യാപ്തമാണ്. നല്ല ഭക്ഷണം ഒരു ദിവസം മൂന്നുനേരം ഒരു കുട്ടിക്ക് കൊടുക്കാൻ 25 രൂപ മതി എന്നത് ചിന്തിക്കാൻ പോലും കഴിയാത്ത കാര്യമാണ്. ഇതുപോലെതന്നെയാണ് വർഷത്തിൽ നൽകുന്ന യൂണിഫോം അലവൻസും. അത് 750 രൂപയാണ്

ഒരു കുട്ടിക്ക് നൽകിവരുന്നത്. മുതിർന്ന ആൺകുട്ടികൾക്ക് പാന്റും ഷർട്ടും പെൺകുട്ടികൾക്ക് ചുരിദാറുമാണ് യൂണിഫോമായി നിശ്ചയിച്ചിരിക്കുന്നത്. മിനിമം രണ്ട് സെറ്റ് യൂണിഫോമെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ഒരു കുട്ടിക്ക് മാറിമാറി ഇടാൻ കഴിയൂ. രണ്ട് സെറ്റ് യൂണിഫോമിന്റെ തയ്യൽക്കൂലിതന്നെ 750 രൂപ വരും. അത് നോക്കുമ്പോൾ ഇതും തികച്ചും അപര്യാപ്തമാണ്. പ്രത്യേക തരത്തിലുള്ള പഠന സാമഗ്രികൾ ആവശ്യമുള്ള അന്ധ-ബധിര-മൂക വിദ്യാർത്ഥികൾക്ക് ഇത് വാങ്ങുന്നതിന് എൽ.പി. വിഭാഗത്തിന് 50 രൂപയും യു.പി. വിഭാഗത്തിന് 90 രൂപയും ഹൈസ്കൂൾ വിഭാഗത്തിന് 200 രൂപയുമാണ് വർഷത്തിൽ നൽകിവരുന്നത്. ഇതും നാമമാത്രമായ തുകയാണ്. ഇവിടെ എടുത്തുപറയേണ്ട ഒരു കാര്യം, പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗം കുട്ടികൾ പഠിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളിൽ ഹൈസ്കൂൾ വിഭാഗത്തിന് 1300 രൂപയും ഹയർ സെക്കണ്ടറി വിഭാഗത്തിന് 1500 രൂപയും നിലവിൽ മെസ് അലവൻസായി നൽകിവരുന്നുണ്ട്. ഈ കുട്ടികളേയും പ്രത്യേക പരിഗണന ലഭിക്കേണ്ട കുട്ടികളായി കണക്കാക്കി ഇവർക്കും കാലോചിതമായി മെസ് അലവൻസും യൂണിഫോം അലവൻസും പഠന സാമഗ്രികൾ വാങ്ങുന്നതിനുള്ള അലവൻസുമെല്ലാം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി.കെ. അബ്ദു റബ്ബ്) : സർ, കേരളത്തിലെ അന്ധ-ബധിര-മൂക സ്പെഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥിക

ളുടെ ആനുകൂല്യങ്ങൾ യഥാവിധി പരിഷ്കരിക്കുന്ന കാര്യത്തിൽ സർക്കാരിന് തുറന്ന മനസ്സാണുള്ളത്. കേരളത്തിൽ സർക്കാർ മേഖലയിൽ ഏഴും എയ്ഡഡ് മേഖലയിൽ 37-ഉം അന്ധ-ബധിര-മൂക സ്പെഷ്യൽ സ്കൂളുകൾ പ്രവർത്തിച്ചുവരുന്നു. സ്പെഷ്യൽ സ്കൂളുകളിലെ കുട്ടികളിൽ ഒരാൾക്ക് പ്രതിമാസം മെസ് അലവൻസായി 750 രൂപയും യൂണിഫോം അലവൻസായി പ്രതിവർഷം 750 രൂപയും പഠന സാമഗ്രികൾ - സ്കൂൾ റിക്വസിറ്റ്സ്- വാങ്ങുന്നതിന് എൽ.പി. വിഭാഗത്തിന് 50 രൂപയും യു.പി. വിഭാഗത്തിന് 90 രൂപയും നൽകിവരുന്നു. കൂടാതെ ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്ന കുട്ടികൾക്ക് വീട്ടിൽപ്പോയിവരുന്നതിനായി ഒരു വർഷം മൂന്ന് യാത്രയ്ക്കുള്ള യാത്രാബത്തയും നൽകിവരുന്നുണ്ട്. മേൽപ്പറഞ്ഞ അലവൻസുകൾ ഒടുവിൽ പരിഷ്കരിച്ചത് 2009-ലാണ്. സ്പെഷ്യൽ സ്കൂളുകളിലെ അദ്ധ്യാപകരും വിദ്യാർത്ഥികളുടെ വിവിധ അലവൻസുകൾ വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ട് സർക്കാർ മുമ്പാകെ നിവേദനം സമർപ്പിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് നൽകിവരുന്ന വിവിധ അലവൻസുകൾ പരിഷ്കരിക്കേണ്ടതിന്റെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ട്. സ്പെഷ്യൽ സ്കൂൾ വിദ്യാർത്ഥികളുടെ മെസ് അലവൻസ് കാലോചിതമായി ഉയർത്തണമെന്ന് പൊതുവിദ്യാഭ്യാസ ഡയറക്ടർ ശുപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ മെസ് അലവൻസ് ഉയർത്താനുള്ള നടപടി സ്വീകരിച്ചുവരുന്നു. സ്പെഷ്യൽ സ്കൂളു

കളിൽ ഹോസ്റ്റലിൽ താമസിച്ചുപഠിക്കുന്ന വിദ്യാർത്ഥികൾക്ക് ലഭിക്കുന്ന മെസ് അലവൻസ് 750 രൂപയിൽനിന്ന് 1500 രൂപയായി വർദ്ധിപ്പിക്കുന്നത് സംബന്ധിച്ച് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പ് (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ടുമെന്റ്) ഡയറക്ടറുടെ അഭിപ്രായം ആരാഞ്ഞിരിക്കുകയാണ്. ആയത് ലഭിച്ചാലുടൻ ധനകാര്യ വകുപ്പുമായി ആലോചിച്ച് മെസ് അലവൻസ് ഉയർത്തുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുന്നതാണ്. സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് നൽകി വരുന്ന യൂണിഫോം അലവൻസും സ്കൂൾ റിക്വസിറ്റ്സ് അലവൻസും കാലോചിതമായി പരിഷ്കരിക്കുന്ന കാര്യവും പരിശോധിക്കുന്നതാണ്. ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ച എസ്.സി./എസ്.റ്റി. വിഭാഗത്തിന്റെ കാര്യങ്ങൾ എസ്.സി./എസ്.റ്റി. വകുപ്പുമായി ബന്ധപ്പെട്ടാണ് നടക്കുന്ന തെന്ന കാര്യംകൂടി അറിയിക്കുകയാണ്.

മി. സ്പീക്കർ : അദ്ദേഹം സൂചിപ്പിച്ചത് വേറൊന്നുമല്ല, അവിടെ ഇത്രയുണ്ട്, അതിനോട് സമാനമായി ആക്കണമെന്നാണ്.

**ശ്രീനാരായണ ഗുരുദേവ പ്രതിമ നശിപ്പിക്കപ്പെട്ടത്**

ശ്രീമതി ജമീലാ പ്രകാശം : സർ, കോവളം എസ്.എൻ.ഡി.പി. യൂണിയനിൽപ്പെട്ട 1256-ാം നമ്പർ പനപ്പിഴിഞ്ഞി ശാഖയുടെ വകയായ മുന്നോട്ടുകോണം കുളത്തിന്റെ കരയിൽ എസ്.എൻ. നഗറിലെ കുടുംബ യൂണിറ്റിന് മുമ്പിലായി ഒരു ചെറിയ മണ്ഡപം കെട്ടി അതിനകത്ത് ശ്രീനാരായണ ഗുരുദേവന്റെ പ്രതിമ സ്ഥാപിച്ച് കഴിഞ്ഞ ഒരു വർഷമായി ആരാധനയും മറ്റും നടത്തിവരികയായിരുന്നു. 18-06-2012-ന് രാവിലെ നോക്കുമ്പോൾ ഗുരുദേവ പ്രതിമ സ്ഥാപിച്ചിരുന്ന മണ്ഡപത്തിന്റെ ഗ്ലാസ് അടിച്ചു പൊട്ടിച്ച നിലയിലും പ്രതിമയുടെ കഴുത്തിന്റെ മുൻഭാഗം മുറിഞ്ഞ് തറയിൽ കിടക്കുന്നതുമായി കാണപ്പെട്ടു. എന്റെ മണ്ഡല ത്തിൽ ഗുരുദേവ പ്രതിമകളുടെ നേർക്ക് നടക്കുന്ന മൂന്നാമത്തെ ആക്രമ ണമാണിത്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ആഴാകുളത്തും മുടവൂർപ്പാ റയിലും ഇതേ രീതിയിലുള്ള അക്രമങ്ങൾ നടക്കുകയുണ്ടായി. ഈ വിവരം വിഴിഞ്ഞം പോലീസ് സ്റ്റേഷൻ സബ് ഇൻസ്പെക്ടറെ അറിയി ക്കുകയും ശാഖയുടെ സെക്രട്ടറിയും പ്രസിഡന്റും പെറ്റീഷൻ നൽകു കയും ചെയ്തു. സർക്കിൾ ഇൻസ്പെക്ടറും സ്ഥലത്ത് വന്ന് പരിശോ ധിച്ച് പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തു. 19-06-2012-ന് മൊഴി രേഖപ്പെടുത്തി എഫ്.ഐ.ആർ. എടുക്കുകയും ക്രിമിനൽ നടപടി നിയമം 159 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിക്കു കയും ചെയ്തു. 19-06-2012-ന് തന്നെ ഈ വിവരം അറിഞ്ഞ് അടുത്ത

ശാഖകളിൽനിന്നുംമറ്റുമായി നൂറുകണക്കിന് അനുഭാവികൾ പങ്കെടുത്ത വമ്പിച്ച പ്രതിഷേധ റാലിയും പൊതുയോഗവും നടന്നു. വിവിധ ജാതി/മത/രാഷ്ട്രീയ/സാമൂഹ്യ പ്രവർത്തകർ എത്രയും വേഗം കുറ്റവാളികളെ കണ്ടുപിടിച്ച് നിയമത്തിന്റെ മുമ്പിൽ കൊണ്ടുവന്ന് നിയമം അനുശാസിക്കുന്ന ശിക്ഷ നൽകാൻ പോലീസ് അധികൃതർ കാര്യക്ഷമമായി തയ്യാറാകണമെന്ന് ആവശ്യപ്പെട്ടു. പക്ഷേ ഫിംഗർ പ്രിന്റ് ബ്യൂറോ, സൈബർ സെൽ തുടങ്ങിയ വിഭാഗങ്ങളുമായി ചേർന്നുകൊണ്ട് അന്വേഷണം കുറെയൊക്കെ മുന്നോട്ടുപോകുന്നുവെന്ന് ആദ്യമൊക്കെ കേട്ടിരുന്നു. പക്ഷേ ഇതുവരെ കാര്യമായ വിവരങ്ങളൊന്നും പുറത്തുവന്നിട്ടില്ല. ജനങ്ങൾ ആകെ രോഷാകുലരാണ്. കുറ്റവാളികളെ ഇതുവരെ പിടികൂടാനുള്ള ഒരു നീക്കവും പോലീസിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല. അതിനാൽ എത്രയുംപെട്ടന്ന് പ്രതികളെ അറസ്റ്റ് ചെയ്യാനുള്ള നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുന്നു.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, വിഴിഞ്ഞം പോലീസ് സ്റ്റേഷന്റെ പരിധിയിൽപ്പെട്ട മുന്നോട്ടുകോണം കുളത്തിന്റെ കരയിൽ എസ്.എൻ. നഗറിലെ കുടുംബ യൂണിറ്റിന് മുമ്പിലായി എസ്.എൻ.ഡി.പി. 1256-ാം നമ്പർ പനപ്പിഴിഞ്ഞി ശാഖയുടെ കീഴിൽ സ്ഥാപിച്ചിരുന്ന ശ്രീനാരായണ ഗുരുദേവന്റെ മണ്ഡപത്തിന്റെ ഗ്ലാസ്സും അതിനകത്ത് സ്ഥാപിച്ചിരുന്ന ഗുരുദേവ പ്രതിമയുടെ കഴുത്തിന് മുകളിലുള്ള ഭാഗവും 18-06-2012-ന് പുലർച്ചെ 12

മണിക്കും രാവിലെ 6 മണിക്കും ഇടയിലുള്ള സമയം ഏതോ സാമൂഹ്യ വിരുദ്ധർ ഏതോ ആയുധംകൊണ്ട് അടിച്ചുതകർത്തു. ഇതിലേയ്ക്ക് മേൽപ്പറഞ്ഞ എസ്.എൻ.ഡി.പി. ശാഖാ പ്രസിഡന്റ് സുശീലന്റെ പരാതി പ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമം 153 (എ), 427 എന്നീ വകുപ്പുകൾ പ്രകാരം വിഴിഞ്ഞം പോലീസ് സ്റ്റേഷൻ ക്രൈം 700/2012 ആയി 19-06 -2012-ന് കേസ് രജിസ്റ്റർ ചെയ്തു. ആക്രമണത്തിൽ എസ്.എൻ.ഡി.പി. ശാഖയ്ക്ക് 5,000 രൂപയുടെ നഷ്ടം സംഭവിച്ചതായി പരാതിപ്പെട്ടിട്ടുണ്ട്. ഈ കേസ്സിന്റെ അന്വേഷണം വിഴിഞ്ഞം സർക്കിൾ ഇൻസ്പെക്ടറുടെ മേൽനോട്ടത്തിൽ വിഴിഞ്ഞം പോലീസ് സബ് ഇൻസ്പെക്ടർ തുടങ്ങിയ വർ ഉൾപ്പെട്ട ഒരു പ്രത്യേക സംഘം നടത്തിവരുന്നു. ഫിംഗർ പ്രിന്റ് വിദ ഗ്ദ്ധർ സംഭവ സ്ഥലം സന്ദർശിച്ച് തെളിവ് ശേഖരിച്ചിട്ടുണ്ട്. സ്ഥലത്തും പരിസരത്തുമുള്ള പതിനഞ്ച് സാക്ഷികളുടെ മൊഴി രേഖപ്പെടുത്തിയിട്ടു ണ്ട്. ഈ കേസ്സിൽ സംശയിക്കപ്പെടുന്നവരെ ചോദ്യം ചെയ്തും വിരലട യാളങ്ങൾ ശേഖരിച്ച് പരിശോധനയ്ക്കായി അയച്ചും അവരുടെ മൊബൈൽ ഫോൺ കോൾ ഡീറ്റെയിൽസ് പരിശോധിച്ചും പ്രതിയെ കണ്ടെത്തുന്നതിനുള്ള ഊർജ്ജിത ശ്രമം നടന്നുവരികയാണ്. ബഹുമാന പ്പെട്ട അംഗം ഇവിടെ പറഞ്ഞ എല്ലാ വികാരങ്ങളും ഉൾക്കൊണ്ടുകൊണ്ട് ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥൻ സംഭവ സ്ഥലം വീണ്ടും സന്ദർശിച്ച് അവിടെ നടക്കുന്ന അന്വേഷണങ്ങൾക്ക് നേതൃത്വം നൽകു

കയും അത് പരിശോധിക്കുന്നതിനുവേണ്ടി നിർദ്ദേശം നൽകുകയും ചെയ്യും.

<u>ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)</u> : സർ, ഞാൻ ഈ സബ്മിഷനിൽക്കൂടി കാസർഗോഡ് ജില്ലയിലെ ഒരു പ്രധാനപ്പെട്ട സംഭവം ശ്രദ്ധയിൽകൊണ്ടുവരികയാണ്. കഴിഞ്ഞ മാസം 3-ാം തീയതി കാസർഗോഡ് കോളേജിലെ ബി.എ. (ഇംഗ്ലീഷ്) തേർഡ് ഇയർ വിദ്യാർത്ഥി ഖദീജത്ത് സുലൈഖയെ അവിടുത്തെ പോപ്പുലർ ഫ്രണ്ടിന്റെയും എം.എസ്.എഫ്.-ന്റെയും പ്രവർത്തകരും കോളേജ് യൂണിയൻ പ്രസിഡന്റുംകൂടി ഭീഷണിപ്പെടുത്തുകയുണ്ടായി. അവർ എസ്.എഫ്.ഐ.-ൽ പ്രവർത്തിക്കുന്നുവെന്നതാണ് പ്രധാനപ്പെട്ട ആരോപണമായി ഉന്നയിച്ചിരിക്കുന്നത്. പരസ്യമായി കോളേജിൽവച്ചും അതുപോലെ വഴിക്കുവെച്ചും ഭീഷണിപ്പെടുത്തിയത് മാത്രമല്ല, ഈ കുട്ടിയുടെ വീട്ടിൽപ്പോയി കുട്ടിയുടെ വീട്ടുകാരെപ്പോലും ഈ കാര്യങ്ങൾ പറഞ്ഞ് ഭീഷണിപ്പെടുത്തി, ‘നാളെ മുതൽ എസ്.എഫ്.ഐ.-ൽ പ്രവർത്തിക്കുകയാണെങ്കിൽ നിന്റെ ജീവൻ കിട്ടില്ല’ എന്നുപറഞ്ഞ് ഭീഷണിപ്പെടുത്തുകയാണുണ്ടായത്. അതിൽ പ്രതിഷേധിച്ച് 4-ാം തീയതി രാവിലെ കാസർഗോഡ് കോളേജിന്റെ മുമ്പിൽ എസ്.എഫ്.ഐ.-യുടെ നേതൃത്വത്തിൽ പ്രകടനം നടത്തി. ആ പ്രകടനത്തെ എം.എസ്.എഫ്.കാരും പോപ്പുലർ ഫ്രണ്ട്-സദാചാര പോലീസ് എന്നുപറയപ്പെടുന്ന ഈ സദാചാര റൗഡികൾ കയറി ആക്രമിച്ച് ഈ കുട്ടിയടക്കമുള്ളവരെ ചവിട്ടി വീഴ്ത്തി മാരകമായി പരിക്കേൽപ്പിച്ചു.

പരിക്കുപറ്റിയത് അഞ്ച് പെൺകുട്ടികൾക്കാണ്. അവരുടെയെല്ലാം ഫോട്ടോ ഉണ്ട്. (ഫോട്ടോ ഉയർത്തിക്കാണിച്ചു) അഞ്ച് പെൺകുട്ടികളാണ് മാരകമായി പരിക്കേറ്റ് ആശുപത്രിയിൽ കിടക്കേണ്ടിവന്നത്. അവരെ ആശുപത്രിയിൽ കൊണ്ടുപോകുന്നതിന് എം.എസ്.എഫ്-ന്റെയും അതുപോലെ പോപ്പുലർ ഫ്രണ്ട് എന്നുപറയുന്ന റൗഡികളുടേയും സംഘം അനുവദിച്ചില്ല. ആ കോളേജിന് തൊട്ടടുത്ത്, 200 മീറ്റർ ദൂരത്തിലാണ് ഞങ്ങളുടെ പാർട്ടിയുടെ ഡി.സി. ഓഫീസ്. ആ ഓഫീസിൽ നിന്ന് സംഭവമറിഞ്ഞ് ഞാനും മറ്റ് ചില ആളുകളുംകൂടി ആ സ്ഥലത്ത് പോയി. അതുവരെ റോഡിൽ ഈ കുട്ടികളെ ചവിട്ടി വീഴ്ത്തിയവർ വട്ടംകൂടിയിരിക്കുകയാണ്. നിങ്ങളുടെ പോലീസുകാരും അത് നോക്കി നിൽക്കുകയാണ്. ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ നായർ സാറിന്റെ പോലീസ് ഇങ്ങനെയാണ് പ്രവർത്തിക്കുന്നതെന്ന് കാസർഗോഡ് ആ കോളേജിന് മുമ്പിൽവച്ച് ഞാൻ പരസ്യമായി കാണുകയുണ്ടായി. ഞാനുംകൂടി പോയ ശേഷമാണ് ആ കുട്ടികളെ എല്ലാവരും കൂടി ആശുപത്രിയിൽ കൊണ്ടുപോയത്. ഇന്നുവരെ ബോധമില്ലാതെ ആ കുട്ടി അവിടെ കിടക്കുകയാണ്. ഇതിന്റെ പേരിൽ കേസ്സെടുക്കാനോ ഒരാളെ അറസ്റ്റ് ചെയ്യാനോ ഈ പോലീസ് കൂട്ടാക്കിയില്ല എന്നതാണ് ദു:ഖകരമായ സംഭവം. ഇത്ര മാരകമായി പരിക്കുപറ്റിയിട്ട് ഈ സംഭവത്തിൽ ഗൗരവതരമായ നടപടി പോലീസ് നടത്തിയിട്ടില്ല. ഇത് കാസർഗോഡ് കോളേജിൽ എസ്.എഫ്.ഐ.യോട് മാത്രമല്ല,

കാസർഗോഡ് ജില്ലയിൽ ആകെ ഈ സദാചാര പോലീസ് ചമയുന്ന റൗഡി സംഘം നടത്തുന്ന തേർവാഴ്ച ആ നാട്ടിൽ ജനങ്ങൾക്ക് ജീവിക്കാൻ കഴിയാത്ത രീതിയിൽ മാറിക്കൊണ്ടിരിക്കുകയാണ്. വളരെ ഗൗരവമായി ഈ ഗവൺമെന്റും പോലീസ് വകുപ്പും അടിയന്തിരമായി ഇടപെട്ട് ഇത് ഇല്ലാതാക്കാൻ ശ്രമിക്കുന്നില്ലെങ്കിൽ ഇന്ന് എസ്.എഫ്.ഐ. -യ്ക്കും എൽ.ഡി.എഫ്.-നും എതിരാണെങ്കിൽ നാളെ കാസർഗോഡ് ജില്ലയിലെ മതേതരവാദികൾക്കും ജനാധിപത്യവാദികൾക്കും മുഴുവൻ അക്രമമായി മാറുന്നതാണ്. ഇതിനെതിരായി ഗവൺമെന്റിന്റെ അടിയന്തിര ശ്രദ്ധ പതിയണമെന്നാണ് ഞാൻ ഈ സബ്മിഷനിൽക്കൂടി ആവശ്യപ്പെടുന്നത്.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട കുഞ്ഞിരാമൻ സംസാരിച്ചപ്പോൾ അദ്ദേഹത്തിന്റെ മനസ്സിൽനിന്ന് ജാതി പുറത്തുവന്നു. അദ്ദേഹം ഏത് ജാതിയാണെന്നൊന്നും എനിക്കറിയില്ല. ഏതായാലും തരംകെട്ട ജാതിയാണെന്നുള്ളത് എനിക്കിപ്പോൾ മനസ്സിലായി. അങ്ങനെ ജാതി പറയരുത്, ഒരാളും അത് പറയരുത്, അങ്ങ് പറഞ്ഞു. റെക്കോഡ് പരിശോധിച്ചാലറിയാം. ഞാൻ ഈ നിയമസഭയിൽ നിൽക്കുന്നത് തെരഞ്ഞെടുക്കപ്പെട്ട ഒരു ജനപ്രതിനിധി എന്ന നിലയിലാണ്. ഞാൻ മറുപടി പറയാൻ ബാധ്യതപ്പെട്ടത് ഈ മന്ത്രിസഭയിലെ അംഗമെന്ന നിലയിലാണ്. ശ്രീ. കുഞ്ഞിരാമൻ ഇവിടെ പറയുന്നത് ശരിയാണോ? ഈ നിയമസഭയിലെ

അത്യുന്നതരായിട്ടുള്ള ആളുകൾ അതാലോചിക്കട്ടെ. നമ്മൾ ഒരു സമുദായത്തിൽ ജനിച്ചത് നമ്മൾ ചെയ്ത തെറ്റുകൊണ്ടാണോ? നമ്മൾ ജനിക്കുന്നത്, നമ്മുടെ അച്ഛനിലൂടെയെ നമുക്ക് പിറക്കാൻ പറ്റൂ. അതുകൊണ്ട് അങ്ങനെ ഒരാളിനെ ജാതി പറഞ്ഞ് ഇതുപോലെ ഒരു കാര്യത്തിൽ ആക്ഷേപിക്കുന്നത് ശരിയാണോ? അത് നിങ്ങൾ ആലോചിച്ചാൽ മതി. ഇതാണ് നമ്മുടെ കേരളത്തിൽ നടക്കാൻ പോകുന്നതെങ്കിൽ ഇതിനെ നമുക്ക് എവിടെക്കൊണ്ടുപോയി കെട്ടാൻ പറ്റും? ദയവായി ഒരിക്കലും അത് ചെയ്യരുത്. ഞങ്ങളെല്ലൊക്ക കടന്നുവന്നത് വിദ്യാർത്ഥി പ്രസ്ഥാനത്തിലൂടെയാണ്. ഞാൻ മാത്രമല്ല ഇവിടെയിരിക്കുന്ന മഹാഭൂരിപക്ഷം ആളുകളും അങ്ങനെയാണ്. നമ്മൾ വിളിച്ചുവന്ന മുദ്രാവാക്യവും വേറെയാണ്. അതുകൊണ്ട് അങ്ങ് പറഞ്ഞത് ഞാൻ ക്ഷമിക്കുകയാണ്. അങ്ങ് പറഞ്ഞത് റെക്കോഡിൽ കിടക്കട്ടെ അത് റെക്കോഡിൽ നിന്ന് മാറ്റണമെന്നും ഞാൻ പറയുന്നില്ല. അത് ചരിത്രത്തിൽ കിടക്കട്ടെ. അദ്ദേഹത്തിന്റെ സബ്മിഷന് ഞാൻ മറുപടി പറയുകയാണ്.

കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സംഭവവമുമായി ബന്ധപ്പെട്ട് അദ്ദേഹം പറഞ്ഞ കാര്യങ്ങളൊക്കെ ഞാൻ അംഗീകരിക്കുന്നു. കോളേജ് യൂണിറ്റ് സെക്രട്ടറി ശ്രീജിത്തിനേയും സുലൈഖയേയും കോളേജ് കാന്റീനിൽവച്ച് പൂർവ്വ വിദ്യാർത്ഥികളായ മൂന്നുപേരും ഏതാനും എം.എസ്.എഫ്. പ്രവർത്തകരും ചേർന്ന് കളിയാക്കിയതാണ് ഇതിന്റെ പ്രധാനപ്പെട്ട ഒരു കാര്യമായി വന്നത്. അതിനു

ശേഷം മേൽ സംഭവത്തിൽ പ്രതിഷേധിച്ച് 4-07-2012-ൽ എസ്.എഫ്. ഐ.-യുടെ ആഭിമുഖ്യത്തിൽ കോളേജിൽ സമരം പ്രഖ്യാപിക്കുകയും പ്രതിഷേധ പ്രകടനം നടത്തുകയും ചെയ്തു. ചില അവകാശങ്ങൾ നേടിയെടുക്കുമെന്ന് പറഞ്ഞ് അന്നേദിവസം എം.എസ്.എഫ്. കോളേജിൽ പഠിപ്പുമുടക്കുകയും പ്രകടനം സംഘടിപ്പിക്കുകയും ചെയ്തു. രാവിലെ 9.30-ഓടുകൂടി ഇരുവിഭാഗങ്ങളുടേയും പ്രകടനങ്ങൾ കോളേജിന്റെ ഇംഗ്ലീഷ്-മാത്തമാറ്റിക്സ് ബ്ലോക്കിനടുത്ത് സന്ധിച്ച സമയത്ത് പരസ്പരം ഉന്തും തള്ളുമുണ്ടായി. നവാസ്, താഹ തുടങ്ങി ഒരുകൂട്ടം എം.എസ്.എഫ്. വിദ്യാർത്ഥികൾ ചേർന്ന് എസ്.എഫ്.ഐ. വിദ്യാർത്ഥികളായ കോളേജ് യൂണിറ്റ് പ്രസിഡണ്ട്, യൂണിറ്റ് സെക്രട്ടറി എന്നിവരുമായി അടിപിടിയുണ്ടാകുകയും ആയുധങ്ങൾ ഉപയോഗിച്ച് തല്ലുകയും ചെയ്തു. കൂടാതെ താഹയും അർഷാദും സത്താറും ചേർന്ന് ഖദീജത്, സുലൈഖ, രേഖ, സുമ എന്നിവരുടെ കൈക്ക് പിടിച്ചുതിരിച്ചു. ഈ സംഭവത്തെത്തുടർന്ന് സനത്, ശ്രീജിത്, രേഖ, ഖദീജത്, സുലൈഖ എന്നിവർ കാസർഗോഡ് ചൈത്രം ആശുപത്രിയിൽ ചികിത്സ തേടി. ഇക്കാര്യത്തിന് സനത്തിന്റെ മൊഴിപ്രകാരം ഇൻഡ്യൻ ശിക്ഷാ നിയമം 143, 147, 148, 149, 341, 324, 354, 308 എന്നീ വകുപ്പുകൾപ്രകാരം നവാസ്, താഹ തുടങ്ങി പത്തോളം വിദ്യാർത്ഥികളെ പ്രതികളാക്കി ക്രൈം 323/12 ആയി കാസർഗോഡ് പോലീസ് സ്റ്റേഷനിൽ മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. രണ്ടുകേസുകളും കാസർഗോഡ് പോലീസ് സബ്ഇൻസ്പെക്ട

റുടെ മേൽനോട്ടത്തിൽ അന്വേഷിച്ചുവരുന്നു. ക്രൈം 319/12 കേസിലെ പ്രതികളും പൂർവ്വ വിദ്യാർത്ഥികളുമായ അസീസ് കുളത്തൂർ, മജീദ്, ഇർഷാദ് എന്നിവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മറ്റ് പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുള്ള ഊർജ്ജിതമായ ശ്രമം നടത്തിവരുന്നു.

## ഇരിങ്ങാലക്കുട കേന്ദ്രമായി പുതിയ ജില്ല

ശ്രീ. തോമസ് ഉണ്ണിയാടൻ: സർ, ജനസംഖ്യാ അനുപാതത്തിലും ഭൂവിസ്തൃതിയിലും മറ്റ് ജില്ലകളെ അപേക്ഷിച്ച് മുൻപന്തിയിലുള്ള ജില്ലകളിലൊന്നായ തൃശ്ശൂരിന്റെ ഭരണസൗകര്യം മുൻനിർത്തി തൃശ്ശൂർ ജില്ല വിഭജിച്ച് ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഒരു പുതിയ ജില്ല രൂപീകരിക്കണമെന്നുള്ളതാണ് എന്റെ സബ്മിഷൻ. തൃശ്ശൂർ ജില്ലയിൽ ഏകദേശം 5200 ചതുരശ്ര.കി.മി. വിസ്തൃതിയും ഏകദേശം 33 ലക്ഷം ജനങ്ങളുമാണ് താമസിക്കുന്നത്. സെൻസസ് പ്രകാരം അഖിലേന്ത്യാ തലത്തിൽ ഒരു ജില്ലയുടെ ശരാശരി ജനസംഖ്യ 19.2 ലക്ഷമാണ്. കേരളത്തിൽ ഇത് 22.8 ലക്ഷമാണ്. ജനസംഖ്യാനുപാതം കണക്കിലെടുത്താൽ കേരളത്തിൽ നിലവിലുള്ള പതിനാല് ജില്ലകൾക്കുപുറമേ കൂടുതൽ ജില്ലകൾ കൂടി രൂപീകരിക്കേണ്ടതായിവരും. ഇത് സംബന്ധിച്ച് നിയമസഭയിൽ 6-2-2004 -ൽ ഒരു ശ്രദ്ധക്ഷണിക്കലിലൂടെയും പിന്നീട് 2007, 2008, 2010, 2011 വർഷങ്ങളിൽ സബ്മിഷനായും അവതരിപ്പിക്കുകയുണ്ടായി. ഇത് സംബന്ധിച്ചുള്ള പഠനം നടത്തണമെന്നാണ് എനിക്ക് ഈ അവസരത്തിൽ

അഭ്യർത്ഥിക്കാനുള്ളത്. മുകുന്ദപുരം, കൊടുങ്ങല്ലൂർ താലൂക്കുകളും ചാവക്കാട് താലൂക്കിലെ നാട്ടിക, ആലുവ താലൂക്കിലെ പാറക്കടവ്, വട ക്കാഞ്ചേരി താലൂക്കിലെ വടക്കേക്കര, ചിറ്റാറ്റുകര പഞ്ചായത്തുകൾ ഉൾപ്പെടുത്തി ഇരിങ്ങാലക്കുട കേന്ദ്രമായി ആറ് നിയമസഭാ മണ്ഡല ങ്ങളും 8 ഗ്രാമ വികസന ബ്ലോക്കുകളും മൂന്ന് മുനിസിപ്പാലിറ്റികളും 44 പഞ്ചായത്തുകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഇരിങ്ങാലക്കുട കേന്ദ്രമായി ഒരു ജില്ല സ്ഥാപിക്കുന്നത് ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : സർ, ജനപ്രതിനിധികളിൽ നിന്നും വിവിധ പ്രാദേശിക സംഘടനകളിൽനിന്നും പുതിയ ജില്ലകളും താലൂക്കുകളും വില്ലേജുകളും രൂപീകരിക്കണമെന്നാ വശ്യപ്പെട്ടുകൊണ്ട് നിരവധി നിവേദനങ്ങൾ കാലാകാലങ്ങളിൽ ലഭിച്ചു കൊണ്ടിരിക്കുകയാണ്. ഈ സഭയിൽത്തന്നെ ശ്രീ. ജോസഫ് വാഴക്കൻ, അതുപോലെ വള്ളുവനാട് ജില്ല വേണമെന്ന് ശ്രീ. സി.പി. മുഹമ്മദ് തുടങ്ങിയ പല ആളുകളുടെയും ആവശ്യങ്ങൾ വന്നുകൊണ്ടിരിക്കുകയാ ണ്. വില്ലേജ് ഓഫീസുകൾ ഇല്ലാത്ത പഞ്ചായത്തുകളിൽ വില്ലേജ് തുട ങ്ങുവാൻ സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. എന്നാൽ ജില്ലാ രൂപീകരണമെന്നത് വളരെ വ്യാപ്തിയുള്ള വിഷയമാകയാലും പ്രാദേ ശികവാദം പോലുള്ള പ്രശ്നങ്ങൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങ ളിൽ ഉടലെടുക്കാൻ സാധ്യതയുള്ളതിനാലും ഇത്തരം വിഷയങ്ങളിൽ

വിശദമായ പഠനം നടത്തിയതിനുശേഷം സർക്കാരിനുണ്ടാകുന്ന സാമ്പത്തിക ബാധ്യതകൂടി കണക്കിലെടുത്ത് നയപരമായ തീരുമാനം കൈക്കൊണ്ടതിനുശേഷം മാത്രമേ ഇരിങ്ങാലക്കുട കേന്ദ്രമാക്കി ഒരു ജില്ല രൂപീകരിക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ.

## മൂവാറ്റുപുഴ താലൂക്കിലെ റീ-സർവ്വേ

ശ്രീ. ജോസഫ് വാഴക്കൻ: സർ, മൂവാറ്റുപുഴ താലൂക്കിൽ നിറുത്തിവച്ചിരിക്കുന്ന റീ സർവ്വേ നടപടികൾ പുനരാംരഭിക്കണമെന്നത് സംബന്ധിച്ചാണ് എന്റെ സബ്മിഷൻ. മൂവാറ്റുപുഴ താലൂക്കിൽ റീ സർവ്വെ നടത്തുന്നതിന് 2007-ൽ സർക്കാർ ഉത്തരവായിട്ടുള്ളതാണ്. ഗവൺമെന്റ് ഓർഡർ നമ്പർ 395/ 2007 ആയി റവന്യൂ ഡിപ്പാർട്ട്മെന്റിന്റെ ഓർഡറുണ്ട്. അതുപോലെ ഗസറ്റ് നോട്ടിഫിക്കേഷനും ആയതാണ്. ഇതനുസരിച്ച് മൂവാറ്റുപുഴ താലൂക്കിലെ 18 വില്ലേജുകളും ഇതിൽ ഉൾപ്പെടുത്തിയിരുന്നു. റീ സർവ്വേ അഞ്ചുവർഷംമുമ്പ് ആരംഭിക്കേണ്ടിയിരുന്നതാണ്. ഇതിനുള്ള ചില പ്രാരംഭ പ്രവർത്തനങ്ങൾ വാളകം വില്ലേജിൽ ആരംഭിക്കുകയും ചെയ്തതാണ്. എന്നാൽ കഴിഞ്ഞ നാലുവർഷമായി ഇതിന്റെ പ്രവർത്തനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. ഇതുമൂലം ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകയാണ്. ഏതാണ്ട് 125 വർഷം മുമ്പ് തിരുവിതാംകൂർ നാട്ടുരാജ്യത്തിന്റെ റെക്കോഡുകളാണ് ഇക്കാര്യത്തിൽ അവലംബിക്കുന്നതെന്നാണ് മനസ്സിലാക്കുന്നത്. സർവ്വേ നമ്പരുകൾ മിക്കതും

തെറ്റായി കിടക്കുന്നു, തണ്ടപ്പേരിൽ മാറ്റമുണ്ടാകുന്നതുകൊണ്ട് ക്രയവിക്രയങ്ങൾ നടത്താൻ കഴിയുന്നില്ല, ബാങ്കുകളിൽ നിന്ന് ലോൺ എടുക്കാൻ വസ്തുക്കൾ ഈട് നൽകാൻ കഴിയുന്നില്ല തുടങ്ങി ഒരുപാട് പ്രശ്നങ്ങൾ ഇതുമൂലം നേരിടുകയാണ്. ആയിരക്കണക്കിനാളുകൾ ഇതുമൂലം വലയുന്നുണ്ട്. ഇതിനിടയിൽ സർക്കാർ ഭൂമികൾ മാത്രമേ ഇനിമുതൽ റീ സർവ്വേ നടത്തുന്നുള്ളൂവെന്നുള്ള ചില റിപ്പോർട്ടുകൾ പുറത്തുവന്നിട്ടുണ്ട്. അതിന്മേലും വ്യക്തമായ ഒരു വിവരം ഇതുവരെ കിട്ടിയിട്ടില്ല. ഇക്കാര്യത്തിൽ പൂർണ്ണമായും അവ്യക്തത നിലനിൽക്കുകയാണ്. ഈ വിഷയത്തിൽ സർക്കാർ അടിയന്തിരമായ നടപടികൾ സ്വീകരിക്കുകയും അവ്യക്തത നീക്കുകയും ഉത്തരവിറങ്ങിയിട്ടുള്ള മൂവാറ്റുപുഴ താലൂക്കിലെ റീ സർവ്വേ നടപടികൾ പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) :സർ, എറണാകുളം ജില്ലയിലെ മൂവാറ്റുപുഴ താലൂക്കിൽ 18 വില്ലേജുകളിലെ റീസർവ്വേ പ്രവർത്തനം ആരംഭിക്കുന്നതിന് സർവ്വേ അതിരടയാള നിയമത്തിലെ സെക്ഷൻ 4 നോട്ടിഫിക്കേഷൻ 2007 നവംബർ 13-ന് ഗവൺമെന്റ് ഉത്തരവ് 395/2007/ആർ.ഡി. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ ഭാഗമായി മൂവാറ്റുപുഴ താലൂക്കിലെ വാളകം വില്ലേജിന്റെ റീ സർവ്വേയ്ക്ക് മുന്നോടിയായി പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിരുന്നു. എന്നാൽ റീ സർവ്വേ ആരംഭിച്ചതും പൂർത്തിയാക്കാൻ ശേഷിക്കുന്ന

തുമായ വില്ലേജുകളുടെ റീ സർവ്വേ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടി വന്നതിനാൽ മൂവാറ്റുപുഴ താലൂക്കിലെ റീ സർവ്വേ തുടർന്ന് നടത്താൻ സാധിച്ചിട്ടില്ല. റീ സർവ്വേ പ്രവർത്തനങ്ങൾക്കല്ലാതെ ഇതര സർവ്വേ പ്രവർത്തനങ്ങൾക്ക് ജീവനക്കാരെ നിയോഗിക്കേണ്ടി വരുന്നതും വകുപ്പിൽ മതിയായ ജീവനക്കാരുടെ അഭാവവും റീ സർവ്വേ പ്രവർത്തനങ്ങളുടെ പുരോഗതിയെ സാരമായി ബാധിക്കുന്ന ഘടകങ്ങളാണ്. സർവ്വേ വകുപ്പിലെ ജീവനക്കാരെ ലാൻഡ് അക്വിസിഷൻ തുടങ്ങിയ സ്പെഷ്യൽ ജോലികൾക്ക് നിയോഗിക്കേണ്ടി വന്നിരുന്നതുമൂലം മൂന്നിൽരണ്ട് സർവ്വേ ജീവനക്കാരുടെ സേവനം മാത്രമേ ശരിയായ രീതിയിൽ റീ സർവ്വേ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാൻ സാധിക്കുന്നുള്ളൂ. എൽ. ആർ.എം. സംവിധാനം ശക്തിപ്പെടുത്തുന്നതിലേയ്ക്കും ലാൻഡ് ബാങ്കിലേയ്ക്കും ജില്ലാ എസ്റ്റാബ്ലിഷ്മെന്റിലേയ്ക്കും ഫോറസ്റ്റിലേയ്ക്കും ജീവനക്കാരെ വിനിയോഗിക്കേണ്ടി വന്നതുമൂലമാണ് ജീവനക്കാരുടെ കുറവ് റീ സർവ്വേയിൽ വരുന്നത്. ഇത്തരം നിരവധി ആവശ്യങ്ങൾ പല മേഖലകളിൽനിന്നും ഉയർന്നുവരുന്നുണ്ട്. സർവ്വേ വകുപ്പിൽ ആവശ്യമായ ജീവനക്കാരെ ലഭിക്കുന്ന മുറയ്ക്ക് ഇതിന് അടിയന്തിര നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടിയാണ് ഇപ്പോൾ റവന്യു വകുപ്പ് ആലോചിച്ചുകൊണ്ടിരിക്കുന്നത്.

**ധനസഹായം**

ശ്രീ. വി. എസ്. സുനിൽകുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ പുള്ളിമട്ടം എന്ന സ്ഥലത്ത് കഴിഞ്ഞ ഒൻപതാം തീയതി വളരെ ദാരുണമായ ഒരു സംഭവമുണ്ടായി. കൂലിവേലക്കാരായ ബക്കർ, സലിം എന്നീ രണ്ട് തൊഴിലാളികൾ പഴയ പീടികമുറി പൊളിച്ചുമാറ്റുന്ന തിനിടയിൽ സ്ലാബിനടിയിൽപ്പെട്ട് മരണപ്പെടുകയുണ്ടായി. സങ്കീർണ്ണ മായ ഇത്തരം ജോലികളിൽ വേണ്ടത്ര സുരക്ഷിതത്വമില്ലാതെ ജോലിചെ യ്തതുകൊണ്ടാവാം ഒരുപക്ഷേ അപകടം സംഭവിച്ചത്. മരണമടഞ്ഞ രണ്ടുപേരും വളരെ ദരിദ്രകുടുംബത്തിൽപ്പെട്ടവരാണ്. 55 വയസ്സായ ബക്കറിന് വിവാഹം കഴിയാത്ത ഒരു പെൺകുട്ടിയടക്കമുള്ള കുടും ബവും 35 വയസ്സുമാത്രമുള്ള സലീം എന്ന ചെറുപ്പക്കാരന് രണ്ടര വയസ്സും മൂന്നര വയസ്സുമുള്ള രണ്ട് കുട്ടികളും ഭാര്യയുമാണുള്ളത്. ഒരാൾ വാടകവീട്ടിലും മറ്റേയാൾ കുടിലിലുമാണ് താമസിക്കുന്നത്. രണ്ടു പേരുടേയും മരണത്തിനുശേഷം ഇവരുടെ കുടുംബങ്ങൾ വലിയ പ്രയാ സത്തിലാണ് കഴിയുന്നത്. ഈ സാഹചര്യത്തിൽ ഗവൺമെന്റ് അവർക്ക് അടിയന്തരമായി ധനസഹായം പ്രഖ്യാപിച്ചാൽ മാത്രമേ ആ കുടുംബ ങ്ങൾക്ക് മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ എന്ന സ്ഥിതിയാണ് ഇപ്പോ ഴുള്ളത്. ഇതു സംബന്ധിച്ച് കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമ ന്ത്രിക്ക് ഒരു അപേക്ഷ സമർപ്പിക്കുകയുണ്ടായി. സാധാരണഗതിയിൽ ഇത്തരം സംഭവങ്ങളുണ്ടായാൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി

യിൽ നിന്നും ഒരു ലക്ഷം രൂപ ധനസഹായം നൽകാറുണ്ട്. എന്നാൽ അത് പര്യാപ്തമാവില്ലായെന്നുള്ളതുകൊണ്ടാണ് ഇക്കാര്യം ഒരു സബ്മിഷനായി ഉന്നയിക്കുന്നത്. അതുകൊണ്ട് അടിയന്തരമായി കഴിയാവുന്നത്ര ധനസഹായം അനുവദിച്ച് ഈ കുടുംബങ്ങളെ സംരക്ഷിക്കണമെന്ന് മാത്രമല്ല, ചുരുങ്ങിയത് രണ്ട് ലക്ഷം രൂപ വീതമെങ്കിലും ഈ രണ്ട് കുടുംബങ്ങൾക്കും കൊടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്): സർ, കൊടുങ്ങല്ലൂർ താലൂക്കിലെ പുള്ളിമട്ടം വില്ലേജിൽ ഒറ്റനില ഇരുമുറി പീടിക കെട്ടിടം പൊളിച്ചുകൊണ്ടിരിക്കുമ്പോൾ 9-07-2012-ന് പകൽ മൂന്നുമണിയോടുകൂടി വലിയ കോൺക്രീറ്റ് സ്ലാബ് ഇടിഞ്ഞുവീണ് അപകടമുണ്ടാവുകയും വൈകിട്ട് 4.15-ന് ബക്കർ, സലീം എന്നിവർ മരണപ്പെടുകയും ചെയ്തു. മരണമടഞ്ഞ ഈ രണ്ട് തൊഴിലാളികളും കേരളീയരും വളരെ നിർദ്ധനകുടുംബത്തിലുള്ളവരും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരും പരമാവധി ധനസഹായത്തിന് അർഹതയുള്ളവരുമാണെന്ന് തൃശൂർ ജില്ലാകളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മരണമടഞ്ഞ തൊഴിലാളികളുടെ ആശ്രിതരുടെ അനുബന്ധരേഖകൾ സഹിതമുള്ള അപേക്ഷ സർക്കാരിന് ലഭിച്ചിട്ടില്ല. സാധാരണഗതിയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ഒരു ലക്ഷം രൂപയാണ് അനുവദിക്കാറുള്ളത്. പ്രസ്തുത അപേക്ഷ ലഭിച്ചാൽ ഉടൻതന്നെ ബഹുമാനപ്പെട്ട

അംഗം ആവശ്യപ്പെട്ടതുപോലെ രണ്ട് ലക്ഷം രൂപ വീതം നൽകുന്നതിന് പ്രത്യേക തീരുമാനം കൈക്കൊള്ളുന്നതാണെന്ന് അറിയിക്കുന്നു.

## ആറ്റിങ്ങൽ ചവർ സംസ്ക്കരണ ഫാക്ടറി

ശ്രീ. ബി. സത്യൻ: സർ, മാലിന്യ വിമുക്ത കേരളത്തിനായി കേരള സമൂഹം ഒന്നായി മഹായജ്ഞത്തിൽ ഏർപ്പെട്ടിരിക്കുന്ന ഈ സന്ദർഭത്തിൽ വളരെ പ്രധാനപ്പെട്ട ഒരു വിഷയം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും നഗരാസൂത്രണ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽകൊണ്ടുവരികയാണ്. നമ്മുടെ സംസ്ഥാനത്തിനാകെ മാതൃകയായി തുടർച്ചായി ഏഴാം തവണയും മലിനീകരണ നിയന്ത്രണ ബോർഡിന്റെ ശുചിത്വ നഗരമായി തെരഞ്ഞെടുത്തത് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയെയാണ്. എന്നാൽ ഈ മുനിസിപ്പാലിറ്റി വലിയ സാമ്പത്തിക ബാധ്യതയിലാണ് നിൽക്കുന്നത്. മാലിന്യനിർമ്മാർജ്ജന പ്രവർത്തനങ്ങൾക്കായി പ്രതിമാസം ഒന്നേമുക്കാൽ ലക്ഷം രൂപയാണ് ഈ നഗരസഭ ചെലവഴിക്കുന്നത്. സംസ്ഥാനത്ത് മറ്റൊരു നഗരസഭകളും സ്വീകരിക്കാത്ത വലിയൊരു പദ്ധതിയാണ് ആറ്റിങ്ങൽ നഗരസഭ ഏറ്റെടുത്തിരിക്കുന്നത്. ജൈവവളം, മണ്ണിര കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ്, ഉറവിട മാലിന്യ സംസ്ക്കരണം തുടങ്ങിയിട്ടുള്ള ബൃഹത്പദ്ധതികൾ നടത്തിക്കൊണ്ടിരിക്കുന്ന ഈ നഗരസഭ വലിയ സാമ്പത്തിക ബാധ്യതയുമായാണ് മുന്നോട്ടുപോകുന്നത്. സംസ്ഥാനത്ത് നഗരസഭകൾക്ക് പലതരത്തിലുള്ള പദ്ധതികൾ നടത്താനും ജില്ലകളിൽ മാലിന്യ സംസ്ക്കരണ കേന്ദ്രങ്ങൾ

ആരംഭിക്കാനും ബഹുമാനപ്പെട്ട സർക്കാർ തീരുമാനിച്ചിരിക്കുന്ന സന്ദർഭ മാണിത്. ഇപ്പോൾ അത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുകയും അടിയ ന്തരമായി ചില സഹായങ്ങൾ സർക്കാർ നൽകുകയും ചെയ്തു. ഇത്തര ത്തിൽ മാതൃകാപരമായി പ്രവർത്തിക്കുന്ന ആറ്റിങ്ങൽ നഗരസഭയുടെ സംസ്ക്കരണകേന്ദ്രം ഒരു മോഡൽ സെന്ററായി പ്രഖ്യാപിക്കുവാനും മറ്റ് തദ്ദേശഭരണസ്ഥാപനങ്ങളിലെ ജനപ്രതിനധികൾക്ക് ഈ മാലിന്യസം സ്ക്കരണ പദ്ധതി നിരീക്ഷിക്കുവാനും അവർക്ക് പഠിക്കുവാൻ കഴിയ ത്തക്ക നിലയിലുള്ള ഒരു റിസർച്ച് സെന്ററായി ഉയർത്തുവാനും കഴിയ ണം. മാത്രമല്ല, ആസൂത്രണ വകുപ്പിന്റെ കീഴിലുള്ള ശുചിത്വമിഷന്റെ സഹായത്തോടുകൂടി ഒരു പുതിയ പ്രോജക്ടിന് രൂപം നൽകാൻ ഗവൺമെന്റ് സഹായിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്. ബഹുമാ നപ്പെട്ട മന്ത്ര പി. കെ. കുഞ്ഞാലിക്കുട്ടി അവിടെ വരികയും ഈ പദ്ധതി ക്കുവേണ്ട പൂർണ്ണ പിന്തുണ നൽകുകയും ഇതിനായി 1,74,00,000 രൂപ അടിയന്തരസഹായം നൽകുകയും ചെയ്തകാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്. പ്രസ്തുത മാലിന്യ സംസ്ക്കരണ പ്ലാന്റിനെ ഒരു മാതൃകാ കേന്ദ്രമാക്കി വികസിപ്പിച്ചെടുക്കാൻ തയ്യാറാകണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) : സർ, ആറ്റിങ്ങൽ നഗരസഭ യിൽ സ്ഥാപിച്ചിട്ടുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റ് മറ്റുചില നഗരസ

ഭകളിൽ സ്ഥാപിച്ചിട്ടുള്ള പ്ലാന്റുകളേക്കാൾ വളരെ മെച്ചപ്പെട്ട നിലയിലാണ് പ്രവർത്തിച്ചുവരുന്നത്. സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് ഏഴാം തവണയും ശുചിത്വനഗരമായി തെരഞ്ഞെടുത്ത ആറ്റിങ്ങൽ നഗരസഭയിലെ പ്രസ്തുത പ്ലാന്റിന്റെ പ്രവർത്തനങ്ങൾ തുടർന്നും നല്ലരീതിയിൽ കൊണ്ടുപോകുതിനായി നഗരകാര്യവകുപ്പ് കൈകാര്യം ചെയ്തിരുന്ന വ്യവസായ വകുപ്പുമന്ത്രി 29-02-2012-ൽ ഒരു യോഗം വിളിച്ചുചേർത്തിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്ലാന്റ് നവീകരിച്ച് കുറ്റമറ്റതാക്കാൻ 99.48 ലക്ഷം രൂപയും വീടുകളിൽ ഉറവിടമാലിന്യ സംസ്ക്കരണം നടപ്പിലാക്കുന്നതിനായി 24.35 ലക്ഷം രൂപയും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായമായി 2012 മാർച്ച് മാസത്തിൽ നഗരസഭയ്ക്ക് നൽകുകയും ചെയ്തിട്ടുണ്ട്. നഗരസഭയിലെ മാലിന്യ സംസ്ക്കരണ ഫാക്ടറിക്ക് കൂടുതൽ ധനസഹായം അനുവദിക്കുക, ആറ്റിങ്ങൽ മാലിന്യ സംസ്ക്കരണ പ്ലാന്റിനെ മോഡൽ സെന്ററായും റിസർച്ച് സെന്ററായും ഉയർത്തുക എന്നീ ആവശ്യങ്ങൾ സർക്കാർ പരിശോധിക്കുന്നതാണ്.

**അർത്തുങ്കൽ ഫിഷറിസ് ഹാർബർ**

ശ്രീ. പി. തിലോത്തമൻ: സർ, പരമ്പരാഗത മത്സ്യത്തൊഴിലാളികൾ ഏറെ തിങ്ങിപ്പാർക്കുന്നതും ചേർത്തലയുടെ വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതുമായ ഒന്നാണ് അർത്തുങ്കൽ ഫിഷറീസ് ഹാർബർ. മോശം കാലാവസ്ഥയിൽപോലും ഈ പ്രദേശത്തെ തൊഴിലാളികൾ മത്സ്യബന്ധനയാനങ്ങൾ കൊച്ചിയിലോ തോട്ടപ്പള്ളിയിലോ കൊണ്ടുപോയി മത്സ്യബന്ധനത്തിലേർപ്പെടുകയാണ് പതിവ്. വളരെ പ്രയാസകരമായ സാഹചര്യത്തിലാണ് അവർ മത്സ്യബന്ധനത്തിലേർപ്പെടുന്നതെന്ന് പറയേണ്ടതില്ല. മത്സ്യബന്ധനയാനങ്ങൾ ലോറിയിലും മറ്റുമായി കൊണ്ടുപോകുന്നതിലൂടെയുണ്ടാകുന്ന ചെലവ് ഇവർ വഹിക്കേണ്ടിവരുന്നുമാത്രമല്ല, അവരുടെ ജീവിതത്തെത്തന്നെ ഇത് പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. ഈ സാഹചര്യത്തിലാണ് അവിടത്തെ ജനങ്ങൾ ഒരു ഹാർബറിനെക്കുറിച്ച് ചിന്തിക്കുകയും അതൊരു സ്വപ്നമായി കൊണ്ടുനടക്കുകയും ചെയ്യുന്നത്. കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ആ ഹാർബറിന്റെ പ്രാഥമിക പ്രവർത്തനങ്ങൾക്കായി സുനാമി പുനരധിവാസ ഫണ്ടിൽ നിന്ന് അഞ്ച് കോടി രൂപ അനുവദിച്ചിരുന്നു. എന്നാൽ അതിന്റെ പ്രവർത്തനങ്ങൾ പൂർത്തിയാകാത്തതിനാൽ കടൽക്ഷോഭമുണ്ടാകുമ്പോൾ ഏറ്റവും രൂക്ഷമായ കടലാക്രമണമാണ് ആ പ്രദേശത്തുണ്ടാകുന്നത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന് രണ്ട് ബഡ്ജറ്റ് അവതരിപ്പിച്ചുവെങ്കിലും ഈ ഹാർബറിന്റെ നിർമ്മാണപ്രവർത്തനങ്ങ

ൾക്ക് തുകയൊന്നും നീക്കിവയ്ക്കുകയുണ്ടായില്ല. അതുകൊണ്ട് ചേർത്തലയുടെ വികസനത്തിനനുപേക്ഷണീയമായതും തീരപ്രദേശത്തിന്റെ വികസനത്തിന് ഒഴിച്ചുകൂടാനാവാത്തതുമായ അർത്തുങ്കൽ ഫിഷറീസ് ഹാർബർ യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് അടിയന്തരമായ നടപടികൾ സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ. കെ. ബാബു</u>): സർ, അർത്തുങ്കൽ ഫിഷിംഗ് ഹാർബറിന്റെ ഒന്നാംഘട്ട വികസനത്തിന്റെ ഭാഗമായി സുനാമി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തി 140 മീറ്റർ നീളമുള്ള രണ്ട് പുലിമുട്ടുകൾ, അഡ്മിനിസ്ട്രേറ്റീവ് കെട്ടിടം, ടോയ്ലറ്റ് ബ്ലോക്കുകൾ എന്നിവ നിർമ്മിച്ചിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി പുലിമുട്ട് നീളംകൂട്ടൽ, വാർഫ്, ലേലപ്പുര, അപ്രോച്ച് റോഡ്, ഡ്രെയിനേജ്, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ്, കോമ്പൗണ്ട് വാൾ, ഗേറ്റ് ഹൗസ്, ലോക്കർ റൂം, ക്യാന്റീൻ, ടോയ്ലറ്റ് ബ്ലോക്ക് മുതലായ പ്രവൃത്തികൾ ഉൾപ്പെടുത്തി 5031 ലക്ഷം രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കി 75 ശതമാനം കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭ്യമാക്കാൻ 20-01-2012-ൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച് കേന്ദ്ര ഏജൻസിയായ സെൻട്രൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റൽ എഞ്ചിനീയറിംഗ് ആന്റ് ഫിഷറീസ് എന്ന സ്ഥാപനത്തിന്റെ നിർദ്ദേശാനുസരണം ബോറിംഗ് നടത്തി പുതുക്കിയ റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പുതു

ക്കിയ റിപ്പോർട്ടിൽ സംസ്ഥാന ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടെന്നും പദ്ധതിയുടെ 25 ശതമാനം ചെലവ് സംസ്ഥാന സർക്കാർ വഹിക്കാമെന്നുമുള്ള ഉറപ്പോടെ കേന്ദ്രസർക്കാരിന് സമർപ്പിക്കേണ്ടതുണ്ട്. ഇതിനായി എസ്.ഡി.ജി.-യിൽ തുക വകയിരുത്താനുള്ള ശ്രമം നടത്തുകയാണ്. ഈ പദ്ധതിയുടെ പരിസ്ഥിതിപഠനം പൂർത്തിയാക്കി സെന്റർ ഓഫ് എർത്ത് സയൻസ് സ്റ്റഡീസിൽ (സെസ്) നിന്നും സി.ആർ.ഇസഡ് സ്റ്റാറ്റസ് റിപ്പോർട്ടും കേരള മലിനീകരണ നിയന്ത്രണബോർഡിൽ നിന്നും എൻ.ഒ.സി.-യും ലഭ്യമാക്കി കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയുടെ 48-ാമത്തെ മീറ്റിംഗിൽ ഇതിന്റെ ക്ലിയറൻസ് നൽകുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രസർക്കാരിൽ നിന്ന് ഭരണാനുമതി ലഭിക്കുന്ന മുറയ്ക്ക് പ്രസ്തുത പ്രവൃത്തി നടപ്പിലാക്കുന്നതാണ്. ഈ ഹാർബറിന്റെ പ്രശ്നത്തെപ്പറ്റി കേന്ദ്ര കൃഷി വകുപ്പുമന്ത്രിയുമായി ഞാൻ നേരിട്ട് ചർച്ച ചെയ്തിട്ടുണ്ട്. എല്ലാ നടപടികളും പൂർത്തിയാക്കി പരിസ്ഥിതി ക്ലിയറൻസോടുകൂടി കേന്ദ്രത്തോട് അപേക്ഷിച്ചാൽ ഇതിന് ഫണ്ട് അനുവദിക്കാമെന്ന് കേന്ദ്ര കൃഷിവകുപ്പുമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. തീർച്ചയായും വളരെ വേഗത്തിൽ ഇതിന്റെ പണി പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## നാലുവരിപ്പാതയുടെ സർവ്വേ നടപടികൾ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ നടപ്പിലാക്കുന്ന നാലുവരിപ്പാതയുടെ സർവ്വേ നടപടികൾക്ക് ഒച്ചിന്റെ വേഗതയാണെന്നുള്ള വിമർശനം ഞാൻ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. മെട്രോ റെയിൽ, മോണോ റെയിൽ, ഹൈസ്പീഡ് റെയിൽ കോറിഡോർ എന്നിവയെക്കുറിച്ചെല്ലാം ചിന്തിക്കുന്ന കേരളം, കേരളത്തിലെ രാഷ്ട്രീയനേതൃത്വം ഇടപെടുകയാണെങ്കിൽ നാലുവരിപ്പാത നമുക്ക് എത്രയും പെട്ടെന്ന് യാഥാർത്ഥ്യമാക്കാൻ സാധിക്കും. 2026 ആകുമ്പോൾ നമ്മുടെ റോഡ് ആറുവരി ആയില്ലെങ്കിൽ ട്രാഫിക് കുരുക്കിൽപ്പെട്ട് കിടക്കുമെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയത്തിൽ നമ്മുടെ ഗവൺമെന്റും ഭരണ-പ്രതിപക്ഷ രാഷ്ട്രീയ നേതൃത്വവും ശക്തമായ ഇടപെടൽ നടത്തണമെന്നാണ് എനിക്ക് സഭയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. നടക്കാൻ പോകുന്ന മുല്ലപ്പെരിയാർ ദുരന്തത്തെക്കുറിച്ച് ഉത്കണ്ഠപ്പെടുന്ന രാഷ്ട്രീയ നേതൃത്വം വർഷത്തിൽ റോഡപകടങ്ങളിൽ 4500 ആളുകൾ മരിച്ച് വീഴുന്നതിനെപ്പറ്റിയും അപകടങ്ങളിൽ 50,000 ആളുകൾക്ക് പരിക്കേൽക്കുന്നതിനെപ്പറ്റിയും അതിൽ 10,000-ലധികം ആളുകൾ വീൽച്ചെയറിൽ കഴിയുന്നതിനെപ്പറ്റിയും ഉത്ക്കണ്ഠപ്പെടുന്നില്ല എന്നുള്ള സങ്കടം സഭയിൽ പങ്ക് വയ്ക്കുകയാണ്.

മി. സ്പീക്കർ: അത് ശരിയല്ല. ഇന്നലെയും ഇവിടെ ആളുകൾ ഈ വിഷയം ചൂണ്ടിക്കാണിച്ചു. അംഗങ്ങളെല്ലാം ഇക്കാര്യം പറഞ്ഞിട്ടുണ്ട്. ശ്രീ. അബ്ദുള്ളക്കുട്ടി, അങ്ങനെ പറയേണ്ട. അങ്ങ് അവതരിപ്പിക്കേണ്ട കാര്യം പറയുക. ശ്രീ. പാലോട് രവി അവതരിപ്പിച്ച സബ്മിഷനുമായി ബന്ധപ്പെട്ടുകൊണ്ട് ഈ കാര്യത്തിൽ സഭ ശക്തമായ വികാരം പ്രകടിപ്പിച്ചിട്ടുണ്ട്. അതുകൊണ്ട് നമ്മൾ നമ്മളെത്തന്നെ വില കുറച്ച് കാണിക്കേണ്ട.

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: സർ, കണ്ണൂർ-കാസർഗോഡ് മേഖലയിൽ നാലുവരിപ്പാതയുടെ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതിനുവേണ്ടി രാഷ്ട്രീയ നേതൃത്വം തയ്യാറാണെന്നുള്ള നിർദ്ദേശം മുഖ്യമന്ത്രിയുടെ മുമ്പാകെ വയ്ക്കുകയും മുഖ്യമന്ത്രി യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. കണ്ണൂരിൽ മാഹി മുതൽ വളപട്ടണം വരെയുള്ള സർവ്വേ നടപടികൾ 15 വില്ലേജുകളിൽ പൂർത്തിയാക്കുകയും അതിൽ പകുതിയോളം 3-ഡി നോട്ടിഫിക്കേഷനുവേണ്ടി അയച്ചുകഴിയുകയും ചെയ്തു. പക്ഷേ വളപട്ടണം-വെങ്ങളം 82 കി.മീ. എഗ്രിമെന്റായ പ്രവൃത്തി തുടങ്ങണമെങ്കിൽ 50% സർവ്വേ പൂർത്തിയാകണം. പക്ഷേ, കോഴിക്കോട് ജില്ലയിലെ വടകര-കൊയിലാണ്ടി മേഖലയിൽ സർവ്വേ നടപടികൾ നടക്കുന്നില്ല. പക്ഷേ കണ്ണൂരിൽ നടക്കുന്നു. അവിടെ പഴയതുപോലെ ജനങ്ങളുടെ എതിർപ്പില്ല. അവർ സഹകരിക്കുന്നുണ്ട്. കാരണം, ട്രാഫിക് കുരുക്കിന്റെ ഗൗരവം ജനങ്ങൾക്ക് ബോദ്ധ്യമായി. കേവലം

ഈർക്കിൽ സംഘടനകളും ചുമരിന്മേൽ മാത്രം ജീവിക്കുന്ന ചില സംഘടനകളും മാത്രമാണ് ഇതിനെ എതിർക്കുന്നത്. അതുകൊണ്ട് യുദ്ധകാലാടിസ്ഥാനത്തിൽ ഈ പ്രശ്നത്തിൽ ഇടപെട്ടുകൊണ്ട് നാലുവരിപ്പാത നടപ്പിലാക്കണം. ജപ്പാൻ ബാങ്കിലൊന്നും കടത്തിന് പോകേണ്ട. നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ, കേരളം മുഴുവൻ നാലുവരിപ്പാതയുണ്ടാക്കാനുള്ള ഫണ്ട് ഇങ്ങോട്ട് തരും. അതിന്റെ കോൺട്രാക്ടർമാരുണ്ട്, സാങ്കേതികവിദ്യയുമുണ്ട്. കേരളത്തിലെ മൊത്തം കാര്യം ഞാൻ പറയുന്നില്ല. വളപട്ടണം-വെങ്ങളം പൂർത്തിയാക്കണമെങ്കിൽ കണ്ണൂരിലെ കളക്ടറും ഉദ്യോഗസ്ഥരും രാഷ്ട്രീയ നേതൃത്വവും ഇടപെട്ട് തീരുമാനമെടുത്ത് സർവ്വേ അനുകൂലമായതുപോലെ, കോഴിക്കോട് ജില്ലയിലെ വടകര-കൊയിലാണ്ടി മേഖലകൂടി പൂർത്തിയാക്കുകയാണെങ്കിൽ വെങ്ങളം-വളപട്ടണം 82 കി.മീ. നാലുവരിപ്പാതയുടെ പ്രവൃത്തി ആരംഭിക്കാൻ സാധിക്കും. അത് സാധിച്ചാൽ കണ്ണൂർ-തലശ്ശേരി-മാഹി, കൊയിലാണ്ടി-വടകര ബൈപ്പാസിനേക്കാളും വലിയ വികസനപ്രവർത്തനങ്ങളുണ്ടാകും. അടിയന്തിരമായി ഈ പ്രശ്നത്തിൽ ഗവൺമെന്റ് ഇടപെടണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്): സർ, നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ ഏറ്റെടുത്ത് നടത്തുന്ന ദേശീയപാത 17-ന്റെ വികസനത്തിനായി തലപ്പാടി മുതൽ കുറ്റിപ്പുറം വരെയുള്ള ഭാഗത്തെ 3 പാക്കേജുകളായിട്ടാണ് തിരിച്ചിരിക്കുന്നത്.

തലപ്പാടി-വളപട്ടണം, വളപട്ടണം-വെങ്ങളം, വെങ്ങളം-കുറ്റിപ്പുറം എന്നീ 3 പാക്കേജുകൾക്കുള്ള സ്ഥലമെടുപ്പിനായി 2010 ജനുവരിയിൽ 3 എ നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചിരുന്നുവെങ്കിലും സ്ഥലമുടമകളുടെ എതിർപ്പിനെത്തുടർന്ന് കഴിഞ്ഞ സർക്കാർ സ്ഥലമെടുപ്പ് നടപടികൾ നിർത്തിവയ്ക്കുകയായിരുന്നു. അതോടെ നോട്ടിഫിക്കേഷൻ അസാധുവായി. എന്നാൽ ഈ സർക്കാർ 04-11-2011-ൽ സ്ഥലമെടുപ്പിനുള്ള നിയന്ത്രണം നീക്കിയതിനെത്തുടർന്ന് നോട്ടിഫിക്കേഷൻ പുനഃപ്രസിദ്ധീകരിച്ചിട്ടുണ്ട്. കണ്ണൂർ ജില്ലയിലെ സ്ഥലമേറ്റെടുപ്പ് നടപടികൾ നല്ല പുരോഗതിയിലാണ്. ഇതിന്റെ 3-ഡി നോട്ടിഫിക്കേഷന്റെ കരട് തയ്യാറായിവരുന്നു. എന്നാൽ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ സ്ഥലമെടുപ്പിനെതിരെ എതിർപ്പ് തുടരുന്നതിനാൽ നടപടികൾക്ക് വേണ്ടത്ര പുരോഗതി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. പ്രശ്നപരിഹാരത്തിനായി 16-03-2012-ലും 11-05-2012-ലും ജനപ്രതിനിധികൾ, മറ്റ് സംഘടനാ പ്രതിനിധികൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരുമായും സർക്കാർതലത്തിൽ ചർച്ചകൾ നടത്തിയിരുന്നു. പ്രസ്തുത യോഗങ്ങളിലെടുത്ത തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാർ പുതുതായി പ്രഖ്യാപിച്ചിട്ടുള്ള പുനരധിവാസ പാക്കേജിന്റെ ചുവടുപിടിച്ച് ദേശീയപാത 17-ന്റെ സ്ഥലമെടുപ്പിനുവേണ്ടി കോഴിക്കോട് ജില്ലാ കളക്ടർ ഉദാരമായ ഒരു പാക്കേജ് തയ്യാറാക്കിയിട്ടുണ്ട്. ഇതിനായി രൂപീകരിച്ചിട്ടുള്ള ഉപദേശക സമിതി മുമ്പാകെ

21-07-2012-ൽ ഈ പാക്കേജ് അവതരിപ്പിക്കുന്നതാണ്. കോഴിക്കോട് ജില്ലാ കളക്ടർ വളരെ നല്ല രീതിയിലുള്ള പ്രവർത്തനമാണ് ഇക്കാര്യത്തിൽ നടത്തിവരുന്നതെന്ന് പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. വടകര മേഖലയിൽ 16-07-2012 മുതൽ സർവ്വേ നടപടികൾ ആരംഭിക്കുകയാണ്. സ്ഥലമേറ്റെടുപ്പിന്റെ വ്യാപ്തി പരമാവധി കുറയ്ക്കുന്നതിനായി കൊയിലാണ്ടി ഭാഗത്ത് എലിവേറ്റഡ് ഹൈവേ നിർമ്മിക്കുന്ന കാര്യവും പരിശോധിച്ചുവരുന്നു. സ്ഥലമെടുപ്പ് നടപടി എത്രയുംവേഗം പൂർത്തിയാക്കി ദേശീയപാത 17-ന്റെ വികസനം യാഥാർത്ഥ്യമാക്കുന്നതിനായി കഴിയുന്ന എല്ലാ ശ്രമങ്ങളും സർക്കാർ നടത്തുന്നതാണ്. വളപട്ടണം-വെങ്ങളം, വെങ്ങളം-കുറ്റിപ്പുറം എന്നീ പാക്കേജുകളിലേയ്ക്കായി 24-02-2010-ലും തലപ്പാടി-വളപട്ടണം പാക്കേജിനായി 16-04-2012-ലും കൺസ്ട്രക്ഷൻ കമ്പനികളുമായി കരാർ ഒപ്പുവച്ച് കഴിഞ്ഞിട്ടുണ്ട്.

**പഞ്ചായത്തുകളുടെ വിഭജനം**

ശ്രീ. സി. മമ്മൂട്ടി: സർ, 2011-ലെ സെൻസസ് അനുസരിച്ച് ഗ്രാമപഞ്ചായത്തുകൾ വിഭജിക്കണമെന്നതാണ് എന്റെ ആവശ്യം. സംസ്ഥാനത്ത് ഗ്രാമീണ മേഖലയിൽ സാമ്പത്തികവും സാമൂഹികവുമായ വികസനം ഉറപ്പുവരുത്തലാണ് അടിസ്ഥാനപരമായ ലക്ഷ്യം. 1960-നുശേഷം പഞ്ചായത്തുകളൊന്നും പുനർവിഭജനം നടത്തിയിട്ടില്ല. 1994-ലെ പഞ്ചായത്ത് രാജ് നിയമം നിലവിൽ വന്നതിനുശേഷം ത്രിതല പഞ്ചായത്തുകളായി വിഭജനം നടത്തിയപ്പോൾ എട്ടോളം പഞ്ചായത്തുകൾ വിഭജിച്ച്, അതിൽ കുറേയെണ്ണം മുനിപ്പാലിറ്റിയിൽ ചേർത്തു, അങ്ങനെ 60 മുനിസിപ്പാലിറ്റികളായി. 50,000-ന് മുകളിൽ ജനസംഖ്യയുണ്ടെങ്കിൽ പഞ്ചായത്ത് രൂപീകരിക്കണമെന്നതാണ് നിലവിലുള്ള നിയമം. ഇപ്പോൾ **978** പഞ്ചായത്തുള്ളതിൽ ചിലയിടങ്ങളിൽ 20,000-ൽ താഴെ ജനസംഖ്യയും ചിലയിടങ്ങളിൽ 70,000-ത്തിന് മുകളിലുമാണ് ജനസംഖ്യ. അതുകൊണ്ട് പ്ലാൻ ഫണ്ട് കൊടുക്കുമ്പോൾ ചില പഞ്ചായത്തുകൾക്ക് 70 ലക്ഷം രൂപ കിട്ടുന്നു, ചില പഞ്ചായത്തുകൾക്ക് മൂന്നര കോടി രൂപയ്ക്ക് മുകളിൽ കിട്ടുന്നു. പ്രാദേശികമായ ഈ അസന്തുലിതാവസ്ഥ നിലനിൽക്കുന്ന സാഹചര്യത്തിൽ 2011-ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തുകളുടെ കാലാവധി തീരുന്ന മുറയ്ക്ക് പുനർവിഭജനം നടത്താൻ നടപടി സ്വീകരിക്കണം. മുൻകാല അനുഭവം വച്ചുനോക്കുമ്പോൾ

ഇങ്ങനെ വിഭജിക്കുന്നതുമായി ബന്ധപ്പെട്ട പ്രശ്നവുമായി കോടതിയിലൊക്കെ പോകുന്നതിനാൽ ഒരിക്കലും വിഭജനം നടക്കാതെ പോകുകയാണ്. ഈ സാഹചര്യം മുൻകൂട്ടി കണ്ടുകൊണ്ട്, ആ അനുഭവം പരിഗണിച്ചുകൊണ്ട് കാലേകൂട്ടി സെൻസസിന്റെ റിപ്പോർട്ട് വാങ്ങി പുനർവിഭജനം നീതിയുക്തമായി നടത്തി അസന്തുലിതാവസ്ഥ ഒഴിവാക്കി കേരളത്തിലെ ജനങ്ങൾക്ക് മുഴുവനും വികസനം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണമെന്ന് അഭ്യർത്ഥിക്കുന്നു.

പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ഡോ. എം.കെ. മുനീർ)</u>: സർ, 2001-ലെ സെൻസസിൽപ്പെടുത്തിയ ജനസംഖ്യയുടെ അടിസ്ഥാനത്തിലാണ് ത്രിതല പഞ്ചായത്തുകളിൽ 2010-ൽ വാർഡ് വിഭജനം നടത്തിയിട്ടുള്ളത്. 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ VI-ാം വകുപ്പനുസരിച്ച് ബന്ധപ്പെട്ട പഞ്ചായത്തിലെ ജനസംഖ്യ പരിശോധിച്ചായിരിക്കണം പഞ്ചായത്തിലെ അംഗസംഖ്യ നിശ്ചയിക്കേണ്ടതെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. 2001-ലെ സെൻസസിലെ ജനസംഖ്യപ്രകാരം ഗ്രാമപഞ്ചായത്തിന്റേയും ബ്ലോക്ക് പഞ്ചായത്തിന്റേയും ഏറ്റവും ചുരുങ്ങിയ അംഗസംഖ്യ 13 ആയും ഏറ്റവും കൂടിയത് 23 ആയും നിജപ്പെടുത്തിയിട്ടുണ്ട്. ജില്ലാ പഞ്ചായത്തുകളെ സംബന്ധിച്ച് ഇത് 16-ഉം 32-ഉം ആണ്. 2005-ലെ പൊതുതെരഞ്ഞെടുപ്പുമായി ബന്ധ

പ്പെട്ടാണ് നിലവിലെ ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് 8 പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചത്. 50,000-ത്തിലധികം ജനസംഖ്യയും 30 ചതുരശ്ര കിലോ മീറ്ററിൽ കൂടുതൽ വിസ്തൃതിയും തനത് ഫണ്ട് സ്വരൂപിക്കാൻ കഴിവുള്ളതുമായ ഗ്രാമപഞ്ചായത്തുകളെ വിഭജിച്ചാണ് 2005-ൽ പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിച്ചത്. 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിലെ IV-ാം വകുപ്പുപ്രകാരം സർക്കാരിന് ബന്ധപ്പെട്ട പഞ്ചായത്ത് ആവശ്യപ്പെട്ടതിന്മേലോ ബന്ധപ്പെട്ട പഞ്ചായത്തുമായി ആലോചിച്ചതിനുശേഷമോ ഇതിനുള്ള നിർദ്ദേശം വിജ്ഞാപനം വഴി മുൻകൂട്ടി പ്രസിദ്ധീകരിക്കാവുന്നതും ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തിൽ ഏതെങ്കിലും ഗ്രാമമോ ഗ്രാമങ്ങളുടെ കൂട്ടമോ ഉൾപ്പെടുത്തിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ ഏതെങ്കിലും ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശത്തുനിന്ന് ഏതെങ്കിലും ഗ്രാമത്തെയോ ഗ്രാമങ്ങളുടെ കൂട്ടത്തെയോ ഒഴിവാക്കിക്കൊണ്ട് ആ ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം കുറയ്ക്കുകയോ ചെയ്യാവുന്നതാണ്. എന്നാൽ ഒരു ഗ്രാമപഞ്ചായത്തിന്റെ ഭൂപ്രദേശം വിപുലപ്പെടുത്തുകയോ കുറയ്ക്കുകയോ ചെയ്യുന്ന യാതൊരു മാറ്റവും ആ ഗ്രാമപഞ്ചായത്തിന്റെ നിലവിലുള്ള സമിതിയുടെ കാലാവധി തീരുന്ന മുറയ്ക്കല്ലാതെ പ്രാബല്യത്തിൽ വരുത്താൻ പാടുള്ളതല്ലെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. 2011-ലെ സെൻസസ് പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടി

സ്ഥാനമാക്കി സെൻസസ് വിവരങ്ങൾ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. സെൻസസ് നടന്നുകൊണ്ടിരിക്കുകയാണ്. ഉടനെ അത് പ്രസിദ്ധപ്പെടുത്തുമെന്ന് വിശ്വസിക്കുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാ കണക്കുകൾ പ്രസിദ്ധപ്പെടുത്തിയതിനു ശേഷം സർക്കാർ നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾക്കനുസൃതമായി ഗ്രാമപഞ്ചായത്തുകൾ വിഭജിക്കാനാണ് ആലോചിക്കുന്നത്. കഴിഞ്ഞ കാലങ്ങളിൽ വളരെ വൈകിയാണ് ഇത്തരം വിഭജനങ്ങളുടെ നടപടിക്രമങ്ങൾ ആരംഭിച്ചത് എന്നുള്ളതുകൊണ്ട് പലതും കോടതിയിൽ പോകുകയും പലപ്പോഴും നന്നായി നടത്താൻ സാധിക്കാതെ വരികയും ചെയ്തിട്ടുണ്ട്. അതിനാൽ ഇപ്രാവശ്യം സെൻസസ് പ്രസിദ്ധീകരിച്ച ഉടൻതന്നെ വിഭജനവുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ആരംഭിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ക്രമപ്രശ്നം)

* * * * * * * * * * * * * * *